PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1953.

Thursday, the 26th February 1953.

Vol. VIII] OFFICIAL REPORT [No. 2

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Thursday, the 26th February, 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

ഗവണ്മെന്റിന്റെ ബാങ്ക് നിക്ഷേപം.

※ ൧. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ബാങ്കിൽ ഗവണ്മെന്റ് എത്ര രൂപ നിക്ഷേപിച്ചിട്ടുണ്ട്;

(ബി) നിക്ഷേപത്തുകയുടെ പലിശ നിരക്കെന്ത്;

(സി) നിക്ഷേപിച്ചതെന്ന്;

(ഡി) മററു ബാങ്കുകളിൽ ഗവണ്മെന്റു പണം നിക്ഷേപിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം ബാങ്കുകളിൽ, എത്ര വീതം;

(എഫ്) നിക്ഷേപിച്ച തീയതി;

(ജി) നിക്ഷേപത്തുകയുടെ പലിശനിരക്കെന്ത്?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സ്ഥിരനിക്ഷേപം ഒരു കോടി രൂപ. കറന്റ് അക്കൌണ്ട് ൧.൦൫ കോടി രൂപ.

(ബി) സ്ഥിരനിക്ഷേപത്തിന് രണ്ടു ശതമാനം പലിശ നിരക്ക്. കറന്റ് അക്കൌണ്ട് ഒരു കോടി രൂപ വരെ ഒരു ശതമാനം പലിശ നിരക്കും, ഒരു കോടിക്കു മേൽ ഒന്നര ശതമാനം പലിശ നിരക്കുമാകുന്നു.

(സി) സ്ഥിരനിക്ഷേപം:

രൂപ	൧൦ ലക്ഷം	൧൭-൧-൧൯൪൩
,,	൧൫ ,,	൧൪-൨-൧൯൪൩
,,	൨൫ ,,	൨൬-൩-൧൯൪൩
,,	൨൫ ,,	൩-൧-൧൯൫൦
,,	൨൫ ,,	൨൩-൫-൧൯൫൦

(ഡി) ഉണ്ട്.

(ഇ) ട്രാവൻകൂർ ക്രെഡിററ ബാങ്ക് ൧൧ ലക്ഷം രൂപ. ഇൻഡോ മെർക്കൻഡയിൽ ബാങ്ക് ൨൫ ലക്ഷം രൂപ.

(എഫ്) ട്രാവൻകൂർ ക്രെഡിററ ബാങ്ക്:

രൂപ ൧൧ ലക്ഷം ൧൩-൯-൧൯൫൦.

ഇൻഡോ മെർക്കൻഡയിൽ ബാങ്ക്:

രൂപ	൨.൫ ലക്ഷം	൧൯൪൬ ഫെബ്രുവരിക്കു മുമ്പ്.
,,	൧൦.൦ ,,	൧൩-൯-൧൯൪൬
,,	൨.൫ ,,	൨൧-൧൦-൧൯൪൬
,,	൧.൦ ,,	൧൩-൧൨-൧൯൪൬
,,	൫.൦ ,,	൨൩-൬-൧൯൪൯
,,	൪.൦ ,,	൧൭-൨-൧൯൫൦
,,	൨൫.൦	

(ജി) ക്രെഡിററ ബാങ്ക്:

൪ ലക്ഷം രൂപ ൪ ശതമാനം നിരക്ക്
൭ ലക്ഷം രൂപ ൩ ശതമാനം നിരക്ക്

ഇൻഡോ മെർക്കൻഡയിൽ ബാങ്ക്:

൨൫ ലക്ഷം രൂപ ൪ ശതമാനം നിരക്ക്.

ശ്രീ. ആർ. ഗംഗാധരൻ : കുറഞ്ഞ പലിശ നിരക്കിന് പണം നിക്ഷേപിക്കാനായിട്ട് പ്രത്യേകം വല്ല കാരണവും ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ട്രാവൻകൂർ ബാങ്ക് എന്ന പേരിൽ ഒരു സ്റ്റേററ് ബാങ്ക് ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ആരംഭിക്കുകയുണ്ടായി. ആ കാലത്താണ് ഈ തുക നിക്ഷേപിച്ചിട്ടുള്ളതു്.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: ട്രാവൻകൂർ ബാങ്കിൽ ഈ പണം നിക്ഷേപിച്ചിരിക്കെ കൂടിയ പലിശയ്ക്കു് ഗവണ്മെൻറ പണം കടം എടുത്തിട്ടുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: എടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: കൂടിയ പലിശയ്ക്കു് ഇമ്പീരിയൽ ബാങ്കിൽനിന്നും ഗവണ്മെൻറ കടം എടുത്തിട്ടില്ലേ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: കടം എന്നുള്ള രൂപത്തിലല്ല. എന്നാൽ വേസ് ആൻറ് മീൻസ് അക്കോമഡേഷൻ ആയിട്ടു് പണം എടുക്കാറുണ്ടു്.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: ആ വകയിൽ എടുക്കുന്ന പണത്തിനു് എന്തു പലിശ നിരക്കാണു് ഗവണ്മെൻറിൽനിന്നും കൊടുത്തുവരുന്നതു്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: അതു് പലപ്പോഴും പല നിരക്കിലാണു് കൊടുത്തുവരാറുള്ളതു്.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: അങ്ങനെ ആയാൽത്തന്നെയും ക്രെഡിററ ബാങ്കിനെ അപേക്ഷിച്ചു കൂടുതൽ പലിശയല്ലേ ഗവണ്മെൻറ് കൊടുക്കുന്നതു്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: അപൂർവ്വം ചിലപ്പോൾ അങ്ങിനേയും സംഭവിക്കാം.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: ട്രാവൻകൂർ ബാങ്കിൽനിന്നും ഡിവിഡൻറ് ഇനത്തിൽ വല്ല തുകയും കൊടുത്തിട്ടുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: അതിനെപ്പററി വിശദമായി ഇപ്പോൾ പറയാൻ എൻെറ കൈവശം രേഖകളൊന്നുമില്ല.

<u>ശ്രീ. എ. കുഞ്ഞൻ നാടാർ</u>: ഇത്ര വളരെ പണം നിക്ഷേപിച്ചിട്ടുള്ള ക്രെഡിററ ബാങ്കിൻെറ പ്രവൎത്തനം തൃപ്തികരമാണോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: തൃപ്തികരമാണെന്നുതന്നെ പറയാം.

<u>ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ</u>: ക്രെഡിററബാങ്കിനു് ഇപ്പോൾ എത്ര ഷെയർഹോൾഡേഴ്സ് ഉണ്ടെന്നു പറയാമോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

<u>ശ്രീ. എ. കുഞ്ഞൻ നാടാർ</u>: ഗവണ്മെൻറ് ഈ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണത്തിനേക്കാൾ കൂടുതൽ സംഖ്യ പലിശയിനത്തിൽ മററു ബാങ്കുകൾക്കു് കൊടുത്തിട്ടില്ലേ?

Mr. Speaker : That is before the starting of the Travancore Bank. Is it the question of accomodation ?

Shri A. Kunjan Nadar : It is about the existing debts for which a higher rate of interest is paid by the Government.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പലിശയുടേയും മററും കാര്യം ചോദിക്കുകയാണെങ്കിൽ പെട്ടെന്ന് ഉത്തരം പറയാൻ സാധിക്കത്തക്കവണ്ണമുള്ള രേഖകളൊന്നും ഇപ്പോൾ കൊണ്ടുവന്നിട്ടില്ല.

Shri T. S. Ramaswami : Are the Government aware of the fact that the share value of the Travancore Bank has gone down from Rs. 56 to Rs. 12 ?

Mr. Speaker: That question is disallowed. Hon. Members may kindly understand that in spite of repeated advice—excuse me to say so—the majority of the questions pertain to giving information to Government, and not asking for information from Government.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഗവണ്മെൻറിൽനിന്നും പണം സ്ഥിരമായി നിക്ഷേപിക്കുമ്പോൾ ആ സ്ഥിരനിക്ഷേപത്തിന് ഒരു കാലാവധിയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി : അതിൻെറ കാലാവധി എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. അബ്ദുൽ ഖാദർ : ഇൻഡോമെർക്കൻൈറയിൽ ബാങ്കിൽ ഇത്രയധികം പണം നിക്ഷേപിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൧൯൪൮ വൃ-ൽ ആ ബാങ്കിൻെറ സ്ഥിതി ഏതാണ്ട് വിഷമപ്പെട്ടതിലായിത്തീർന്നു. ആ ഒരു സന്ദർഭം പരിഹരിച്ചു കിട്ടുന്നതിനുവേണ്ടിയാണ് ഗവണ്മെൻറ് പണം നിക്ഷേപിച്ചത്.

കാർഷികധനസഹായ വായ്പ.

* ൨. [൨] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൧ നവംബറിൽ കൂടിയ ക്ഷേത്രോൽപ്പാദന ബോർഡ് യോഗത്തിൽനിന്ന് എത്രപേർക്ക് ധനസഹായവായ്പ അനുവദിച്ചിട്ടുണ്ട്;

(ബി) വായ്പ ലഭിച്ചവരുടെ പേരും, വായ്പ തുകയും എന്ത് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ൧൯൫൨ നവംബറിൽ ഭക്ഷ്യോൽപ്പാദന ബോർഡു് യോഗം കൂടിയിട്ടില്ല. എന്നാൽ ൧൯൫൨ അക്ടോബർ ൨൦-ാംനു ഒരു യോഗം കൂടി.

(ബി) അക്ടോബറിൽ വായ്പ അനുവദിച്ചവരുടെ പേരും, വായ്പ തുകയും താഴെ ചേർത്തിരിക്കുന്നു :

(൧)	ശ്രീ.	സി. എൻ. ഗോപാലൻ	൩൦൦൦	രൂപ.
(൨)	,,	ആർ. ചെല്ലപ്പൻപിള്ള	൫൦൦	,,
(൩)	,,	രാമചന്ദ്രപ്പണിക്കർ	൧൦൦൦	,,
(൪)	,,	ജി. ജനാർദ്ദനൻപിള്ള	൫൦൦	,,
(൫)	,,	സി. കെ. നാരായണക്കുറുപ്പ്	൨൦൦൦	,,
(൬)	,,	പാണ്ടവത്തു ശങ്കരപ്പിള്ള	൫൦൦൦	,,
(൭)	,,	വെള്ളമ്പൻ നാണു	൩൦൦൦	,,
(൮)	,,	തൊമ്മൻ തോമസ്സ്	൯൫൦൦	,,
(൯)	,,	ആർ. വാസുദേവൻ നായർ	൩൦൦൦	,,
(൧൦)	,,	പി. പുന്നൂസ്	൧൦൦൦൦	,,
(൧൧)	,,	തോമസ് ജെ. കട്ടിപ്പറമ്പൻ	൨൦൦൦൦	,,
(൧൨)	,,	ശാസ്താംകുട്ടിപ്പിള്ള	൩൦൦൦	,,
(൧൩)	,,	തോമസ് ചാക്കോ	൪൦൦൦	,,
(൧൪)	,,	കെ. എം. ജാൺ	൩൦൦൦	,,
(൧൫)	,,	കെ. പി. ഗോപാലൻനായർ	൫൦൦൦	,,
(൧൬)	,,	ഉതുപ്പ് ചാക്കോ	൨൫൦൦	,,
(൧൭)	,,	തൊമ്മൻ തോമസ്	൧,൦൦,൦൦൦	,,
(൧൮)	,,	ജോസഫ് തോമസ്	൮൦൦൦	,,
(൧൯)	,,	മാത്തുള്ള ഈശോ	൯൦൦൦	,,
(൨൦)	,,	കെ. എം. ജോസഫ്	൪൦൦൦	,,
(൨൧)	,,	ജോസഫ് വറുഗീസ്	൮൦൦൦	,,

ശ്രീ. ആർ. ഗംഗാധരൻ : ഈ ബോർഡിന്റെ ചെയർമാൻ ആരാണ് ?

ശ്രീ. എ. ജെ. ജാൺ : കൃഷിവകുപ്പുമന്ത്രിയാണ്.

ശ്രീ. ആർ. ഗംഗാധരൻ : ഈ ബോർഡിൽ എത്ര അംഗങ്ങളുണ്ടെന്നു പറയാമോ ?

Mr. Speaker : Is it not a well known fact?

ശ്രീ. ആർ. ഗംഗാധരൻ : ബോർഡു മീററിംഗ് കൂടിയ അവസരത്തിൽ ധനസഹായത്തിന്റെ പേരിൽ എത്ര അപേക്ഷകൾ ഉണ്ടായിരുന്നു?

ശ്രീ. എ. ജെ. ജാൺ: ഏകദേശം ൨൲ അപേക്ഷകൾ ഉണ്ടായിരുന്നു.

ശ്രീ. ആർ. ഗംഗാധരൻ: അപേക്ഷകന്മാരുടെ ആകെ എണ്ണം എത്രയെന്നു് ക്ലിപ്തമായി പറയാമോ?

Mr. Speaker: Order, Order. Not that I object to that question; there must be some purpose in putting the question. There maybe 2000 applications. What is the purpose served by that question?

ശ്രീ. ആർ. ഗംഗാധരൻ: സർ, എനിക്കു് ഈ വക സംഗതികൾ അറിയേണ്ടതുണ്ടു്. അപേക്ഷകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നു് പറയാമോ?

ശ്രീ. എ. ജെ. ജാൺ: അപേക്ഷകൾ കിട്ടിയാൽ ഉടനെ അവ താലൂക്കു തഹശീൽദാർക്കു റിപ്പോർട്ടിനായിട്ടു അയയ്ക്കും. തഹശീൽദാർ, അപേക്ഷകരെപ്പറ്റി അന്വേഷിക്കയും അവർ ഏതു വിധത്തിലാണു ഈ വക പണം ചെലവുചെയ്യാൻ പോകുന്നതു് എന്നും അവർ ഗവണ്മെന്റിലേയ്ക്കു ഉറപ്പുതന്നിട്ടുള്ള വസ്തുക്കളിൽ മറ്റുവല്ല ബാദ്ധ്യതയുമുണ്ടോയെന്നും ഇവർ മറ്റുവല്ല കാര്യങ്ങൾക്കും വേണ്ടിയാണോ ഈ വക പണം ആവശ്യപ്പെടുന്നതെന്നും മറ്റും നല്ലതുപോലെ അന്വേഷിച്ചു് വിവരം ബോർഡിലേക്കു റിപ്പോർട്ടുചെയ്യുന്നു. ഈ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും ബോർഡിന്റെ അവസാന തീരുമാനം.

ശ്രീ. ആർ. ഗംഗാധരൻ: വായ്പ കിട്ടിയവരിൽ പലരും മുഖ്യമന്ത്രിയുടെ ബന്ധത്തിൽപ്പെട്ടവരാണെന്നു പത്രത്തിൽകണ്ട വാർത്ത ശരിയാണോ?

Mr. Speaker: That question is disallowed.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അനുവദിക്കപ്പെടുന്ന തുകകൾ ഇന്ന തരത്തിൽ മാത്രമെ വിനിയോഗിക്കാവു എന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: പ്രത്യേകം വ്യവസ്ഥതന്നെയുണ്ടു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ക്ഷേത്ര്യാൽപ്പാദനത്തിനു വാങ്ങിച്ച തുക മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായി വല്ല അറിവുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങിനെ ഉപയോഗിച്ചതായിട്ടു ഇതുവരെ അറിവില്ല.

Shri P. S. Nataraja Pillai: What are the terms of repayment?

ശ്രീ. എ. ജെ. ജാൺ: നാലരശതമാനം പലിശയോടുകൂടി ആറുമാസത്തിലൊരിക്കൽ തവണകളായി അടയ്ക്കണം.

ഗസററഡ് ഉദ്യോഗസ്ഥന്മാരും ക്രിമിനൽക്കേസും.

*൯. [൯] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ക്രിമിനൽക്കേസ്സുകൾ കൊടുക്കാൻ ഗവണ്മെൻറനുവാദം വേണമെന്നുള്ള വ്യവസ്ഥയ്ക്കു ഇപ്പോൾ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്;

(സി) ൧൯൫൭-ൽ അപ്രകാരമുള്ള എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(ഡി) അതിൽ എത്രയെണ്ണം അനുവദിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഒന്നും കിട്ടിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: ലാക്കപ്പുകളിൽവച്ച് ആളുകളെ അനീതിയായി മർദ്ദിക്കുന്നതു് ശരിയല്ല എന്നു കാണിക്കുന്നതിനാണ് ഞാൻ ഈ ചോദ്യം കൊണ്ടുവന്നിട്ടുള്ളതു്.

Mr. Speaker : What exactly is the relevancy? Whether Government sanction is necessary for prosecuting Gazetted officers, that is the question.

ശ്രീ. ആർ. ഗംഗാധരൻ: ഈയിടെ ഹൈക്കോടതിയിൽനിന്നു, ലാക്കപ്പുമർദ്ദനത്തിൽനിന്നും ഉൽഭവിച്ചിട്ടുള്ള കേസുകൾക്ക് ഒരു വിധിയുണ്ടായിട്ടുണ്ട്.

Mr. Speaker : What has that question to do with this?

ശ്രീ. ആർ. ഗംഗാധരൻ: ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ മേൽ ക്രിമിനൽക്കേസു കൊടുക്കണമെങ്കിൽ ഗവണ്മെൻറിൻെറ അനുവാദം മുമ്പ് ആവശ്യമുണ്ടായിരുന്നതു് ഇപ്പോൾ ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്നു കേൾക്കുന്നു. ആ കാര്യം ഗവണ്മെൻറുഭാഗത്തുനിന്നും ഒന്നു വിശദമാക്കണമെന്നാണ് എൻെറ ചോദ്യംകൊണ്ടു ഞാനുദ്ദേശിക്കുന്നതു്.

Mr. Speaker : The hon. Member wants to give some information or to teach the Chief Minister about the High Court decision. Is it so?

ശ്രീ. ആർ. ഗംഗാധരൻ: ഹൈക്കോടതിയിൽ ഈയിടെ ഉണ്ടായിട്ടുള്ള ഒരു ജഡ്ജിമെൻറിൻെറ കാര്യത്തെപ്പററിയാണ് എനിക്കു പറയാനുള്ളതു്.

തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതിയിൽനിന്നും ലോക്കപ്പ് മർദ്ദനത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ക്രിമിനൽകേസുകളിൽ പോലീസുദ്യോഗസ്ഥന്മാരെ പ്രതിയാക്കുന്നതിന് ഗവണ്മെന്റ് സാങ്ക്ഷൻ നൽകിയിട്ടുണ്ടോ എന്നു പറയാമോ?

Mr. Speaker: Your question is whether the Chief Minister is in possession of the information whether the courts require sanction before prosecutions are allowed to be launched. Is that so?

ശ്രീ. ആർ. ഗംഗാധരൻ: ഇപ്രകാരമുള്ള പ്രാസിക്യൂഷൻ നടത്തുന്നതിന് ഗവണ്മെന്റിന്റെ അനുവാദം ചില സന്ദർഭങ്ങളിൽ വേണ്ടെന്നു ഹൈക്കോടതിയിൽനിന്നും തീർപ്പ് ഉണ്ടായിട്ടുണ്ടോ; അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥയനുസരിച്ച് അതിന് അനുവാദം വേണം.

ശ്രീ. ആർ. ഗംഗാധരൻ: തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതിയിൽനിന്നും ഇങ്ങനെ ഒരു വിധിയുണ്ടായിട്ടുള്ളതു ഗവണ്മെന്റിനറിയാമോ എന്നാണു ചോദിക്കുന്നതു?

Mr. Speaker: The member being a non-lawyer, it is very difficult. (Hon. Members: He is a lawyer.)

Mr. Speaker: I am sorry. The question is if a gazetted officer has done something in the exercise of his official duty, is sanction required to prosecute him? These are things which everybody knows.

Report of the Public Service Commission.

* 4. [4] **Shri K. Bhanu:** Will the Chief Minister be pleased to state:

(*a*) whether the report of the Public Service Commission for the year 1951-52 has been received; and

(*b*) if so, what action has been taken on it?

Chief Minister **(Sri A. J. John):**

(*a*) Yes.

(*b*) Action is being taken to place the report before the Assembly together with a memorandum explaining as respects cases where the advice of the Commission was not accepted as required under Article 323 (2) of the Constitution. As several items require examination delay is unavoidable. This is regretted.

Shri K. Bhanu: May I know whether any advice made by the Public Service Commission was not accepted by the Government?

Shri A. J. John: Yes, some were not accepted.

Shri R. Gangadharan: May I know on what grounds they were not accepted?

Shri A. J. John: That is why I said that Government is preparing a memorandum detailing all these things to be placed before the Assembly.

Shri P. S. Nataraja pillai: May I know when the report was received?

Shri A. J. John: The report was submitted on 17-1-1953.

Eviction.

❋5. [5] **Shri K. Bhanu**: Will the minister for Home affairs be pleased to state the number of suits filed by land-holders for eviction against the tenants in the Munsiff's courts of Quilon District?

Minister for Home Affairs (**Shri T. M. Varghese**): The figures for the past three yeare are given blow:

	No. of suits filed.		
	1950	1951	1952
Principal Munsiff's Court, Quilon	5	7	8
Addl. Munsiff's Court, Quilon	4	4	5
Dt. Munsiff's Court, Karunagapalli	0	0	2
Dt. Munsiff's Court, Adur	23	20	25
Dt. Munsiff's Court Kottarakara	27	31	29
Dt. Munsiff's Court, Shencottah	2	3	3

Age of retirement

❋6. [6] **Shri K. Bhanu**: Will the Minister for Finance be pleased to state:

(*a*) Whether the Government have any proposal to raise the age of retirement in Government service; and

(*b*) if so, the details thereof?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) At present there is no such proposal under the consideration by Government.

(*b*) In view of the answer to (*a*) above, this question does not arise.

Shri K. Bhanu: May I know whether the Government are aware that the Government of India propose to raise the age of retirement from 55 to 58?

Shri Panampilli Govinda Menon: I am not aware.

ശ്രീ ആർ. കേശവപിള്ള: ഹൈക്കോടതി ജഡ്ജിമാരുടെ വയസ്സ് ക്ലിപ്തപ്പെടുത്തുന്നതിനെപ്പറ്റി ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു പ്രത്യേക ആവശ്യം ഉണ്ടായിട്ടില്ല.

ശ്രീ. ആർ. കേശവപിള്ള: ഗവണ്മെന്റിനോട് അഭിപ്രായം ചോദിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹൈക്കോടതി ജഡ്ജിമാരുടെ കാര്യത്തിൽ വയസ്സു നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് മുമ്പ് ഒരു ആലോചന ഉണ്ടായിട്ടുണ്ട്.

Shri O. C. Ninan: May I know whether any representation has been received regarding the enhancement of the age-limit for retirement of school teachers from 55 to 58?

Mr. Speaker: From what organisation, body or person? These are the types of questions which cause a lot of unnecessary worry and trouble and waste of stationery to the office.

Shri Panampilli Govinda Menon: Government have not received any representation to that effect except certain representations randomly made by some Government school teachers.

Shri O. C. Ninan: Have the Government received any resolutions sent by the teachers assembled in meeting?

Shri Panampilli Govinda Menon: Certain representations have been received from the teachers.

Shri O. C. Ninan: May I know whether Government have taken any action on them?

Shri Panampilli Govinda Menon: No action has yet been taken.

ചെത്തുതൊഴിലാളി പണിമുടക്കം.

* ൧. [൧] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തിക്കാട്ടു ചെത്തുതൊഴിലാളി പണിമുടക്കം സംബന്ധിച്ച് എത്രപേരെ അറസ്റ്റുചെയ്യുകയുണ്ടായി;

(ബി) അവരുടെ പേരിൽ ഏതു വകുപ്പുകൾ അനുസരിച്ചാണ് കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുള്ളതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഉവ്വ്.

(ബി) ക്രിമിനൽ നടപടി നിയമം ൧൦൭-ാം വകുപ്പിൻ പ്രകാരം.

ശ്രീ. സി. അച്ചുതമേനോൻ: ഈ കേസുകളിൽപ്പെട്ടിട്ടുള്ള ആളുകളെയെല്ലാം അറസ്റ്റുചെയ്തതു് സ്ട്രൈക്ക് തുടങ്ങുന്നതിനു മുമ്പോ അതിനു ശേഷമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. തുടങ്ങിയ തീയതിയെ സംബന്ധിച്ചാണോ ചോദിക്കുന്നതു്?

ശ്രീ. സി. അച്ചുതമേനോൻ: തീയതി അറിയണമെന്നില്ല. സ്ട്രൈക്ക് തുടങ്ങുന്നതിനു മുമ്പ് എത്ര പേരെ അറസ്റ്റുചെയ്തു അതിനു ശേഷം എത്ര പേരെ അറസ്റ്റുചെയ്തു എന്നറിയുവാനാണു് ചോദിക്കുന്നതു്.

Mr. Speaker: That is a very vague question. The Minister may give the date. The Member may ascertain whether it was before or after the strike was begun.

ശ്രീ. ടി. എം. വർഗ്ഗീസ്: സ്ട്രൈക്കിൽ സംബന്ധിച്ചവരിൽ ഉവ്വ ആളുകളെ അറസ്റ്റുചെയ്തുവന്നല്ലാതെ അവരെ എപ്പോഴെല്ലാമാണു് അറസ്റ്റുചെയ്തതെന്നുള്ള വിവരം അടിസ്ഥാനമാക്കിയുള്ള ചോദ്യത്തിനു നോട്ടീസുവേണം. അതിനെപ്പറ്റി ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ മറുപടിപറയാം.

ശ്രീ. സി. അച്ചുതമേനോൻ: യാതൊരു സമാധാനലംഘനവും അവിടെ ഉണ്ടായിട്ടില്ലെന്നു മാത്രമല്ല അങ്ങനെയുള്ള യാതൊരു കേസ്സുകളും അവിടെ ഉണ്ടായിട്ടില്ല.

Shri A. A. D. Luiz. May I know whether this matter is sub judice?

ശ്രീ. സി. അച്ചുതമേനോൻ: സ്ട്രൈക്കുതുടങ്ങിയതിനു ശേഷം അവിടെ എന്തെങ്കിലും കേസുകൾ ഉണ്ടായിട്ടുണ്ടോ?

Mr. Speaker: These are legal matters which follow from facts.

Industries started under the Five year Plan.

※8 [8] **Shri T. S. Ramaswami**: Will the chief Minister be plesed to state:

(*a*) the number and details of industries started and agricultural improvements carried out under the Five Year plan in our state till now;

(*b*) the location of these industries in the State;

(*c*) what new industries under State aid and under State auspices are going to be started and the localites where they are going to be started in the next years of the Five Year Plan in our State; and

(*d*) what concrete measures the Government are going to take up for industrialising South Travancore, for the improvement of agriculture and for the solution of unemployment in South Travancore under the Five Year Plan?

Chief Minister **(Shri A. J. John):**

(*a*) No industry has been started under the Five Year Plan. The Schemes undertaken to effect improvement in respect of agriculture are as follows:

1. Reclamation of Kari lands—Bunds are put up at Government cost to guard against ingress of salt water. The soil is treated with Calcium Carbonate which is distributed at a subsidized rate of Rs. 5 per ton.
2. Distribution of manures—Concentrated nanures like groundnut cake, bone-meal and super phosphate are distributed at the subsidized rate of 33 1/3 per cent of the cost of the manures. Ammonium Sulphate is also distributed.
3. Cultivation of green manure is encouraged and subsidized distribution of green manure seeds is undertaken.
4. Compost production is popularised.
5. Improved strains of paddy are issued to cultivators.
6. Plant protection—Insecticides are distributed free to the ryots in areas affected by the pests. A plant Protection staff is to be appointed to fight pests and diseases of crops.
7. Well- sinking—A scheme of minor irrigation works is undertaken, and under that scheme wells are sunk by the agriculturists on a sbusidised basis, the ryots being given a subsidy to the extent of half the cost of the well or Rs. 600 per well whichever is less.
8. Crop competitions are organised to encourage cultivators.

(*b*) Does not arise in view of the answer to (*a*)

(*c*) According to the Five Year Plan the initiative and responsibility for securing the necessary expansion over the bulk of field of industry vest with private enterprise. The State does not propose to start any major industries under the Plan.

(*d*) There are no separate measures for South Travancore either in respct of industries or of agriculture.

Amount received from the Union Government under the Five Year Plan.

✻ 9. [9] **Shri T. S. Ramaswami**: Will the Chief Minister be Pleased to State :

(*a*) the total amount of finance received from the Union Government under the Five Year Plan by our State Government till now; and

(*b*) the amount already spent under each item of improvements in detail in our State?

Chief Minister (**Shri A. J. John**):

(*a*) No amount has been received from the Government of India under the Five Year Plan till now.

(*b*) Information is being collected.

Shri T. S. Ramaswami: I am not putting question No. 10.

(When the Speaker called question No. 12, Shri T. S. Ramaswami wanted question No. 11, standing against his name to be put.)

Mr. Speaker: Hon. Members must follow the procedure and the rulings given by the Chair from time to time. The Speaker has only to *call* three questions and not *put* three questions standing against the names of each member. If a question is withdrawn after the question has been called by the Speaker, the member cannot claim a right to put the fourth question standing against his name. If hon. members want to withdraw any question, they must do so by giving notice at any time before the Assembly meets.

പ്രൊട്ടക്ടർ ഓഫ് എമിഗ്രൻറ്സ് ആഫീസ്.

✻ ൧൦. [൧൧] **ശ്രീ. ടി. എ. മജീദ്**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ നിന്നും ൧൯൫൧-൫൨-ൽ എത്ര പേർ സിംഗപ്പൂർ-മലയായിലേയ്ക്കുള്ള പാസ്പോർട്ട് എടുത്തിട്ടുണ്ട്;

(ബി) പാസ്പോർട്ട് എടുത്തിട്ടുള്ളവർ മദ്രാസിൽ പ്രൊട്ടക്ടർ ആഫ് എമിഗ്രൻറ് ആഫീസിൽ വളരെ ഏറെ വൈഷമ്യം അനുഭവിക്കുന്നുവെന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനൊന്നും പരിഹാരമുണ്ടാക്കുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(ഡി) തിരുവിതാംകൂർ-കൊച്ചിയിൽ നിന്നുള്ള പാസ്പോർട്ടുകാരുടെ സൗകര്യത്തെ പരിഗണിച്ച് തിരുവനന്തപുരത്ത് ഒരു പ്രൊട്ടക്ടർ ആഫ് എമിഗ്രൻറ്സ് ആഫീസ് സ്ഥാപിക്കുന്നതിനു ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറുമായി ഉടനടി ആലോചന നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഇതു് കേന്ദ്രഗവൺമെന്റിന്റെ പരിധിയിൽപ്പെട്ട വിഷയമായതുകൊണ്ടു് മറുപടി പറയുന്നതിനു നിവൃത്തിയില്ല.

Rule 22 (9) says:—"It shall not refer to any matter......or which is not primarily the concern of the State Government."

പാസ്പോർട്ടിനെപ്പറ്റി ഈ ഗവൺമെന്റിനു് പറയത്തക്ക അധികാരമോ അവകാശമോ ഇല്ല.

ശ്രീ. ടി. എ. മജീദ്: ഈ ഗവൺമെന്റു് എത്ര പാസ്പോർട്ടു ഇഷ്യു ചെയ്തു് എന്നുള്ളതിനു കണക്കു് ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: ഒരു പായിന്റു് ഓഫ് ഓർഡർ. ചോദ്യങ്ങൾ അഡ്മിററു ചെയ്യുന്നതൊക്കെ സ്പീക്കറുടെ അധികാരത്തിൽപ്പെട്ടതാണു്. എന്നിരിക്കെ ഇതു് അഡ്മിററു് ചെയ്യുവാൻ പാടില്ലാത്തതാണെന്നു് ഉത്തരം പറയുന്ന മന്ത്രിക്കു് റൂൾ ചൂണ്ടിക്കാണിച്ചുകൊണ്ടു പറയുവാൻ സാധിക്കുമോ?

Mr. Speaker : If it is a question involving public importance or some grievance to the citizens of the State and if some information is sought to be obtained I have no objection for such information being given to the members concerned. Anyhow, the Minister says that this State has absolutely no responsibility in regard to supplying the information asked for.

ശ്രീ. ചെങ്ങാരപ്പള്ളി പി നാരായണൻ പോറ്റി: റസ്പോൺസിബിലിററി ഇല്ല എന്നല്ല, റൂൾ ൨൨ പ്രകാരം അനുവദിക്കുവാൻ പാടില്ല എന്നല്ലേ അദ്ദേഹം മറുപടി പറഞ്ഞതു്.

Mr. Speaker : The Minister said that this matter is not within the administrative responsibility of the State.

Shri J. T. Moraes : May I know who is the officer of this Government empowered to do these things ?

Shri A. J. John : The Chief Secretary, who is acting as the agent of the Government of India.

വാടകനിയന്ത്രണം.

* ൧൭. [൧൩] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) റെൻറു കൺട്രോൾ ഓർഡർ ഒരു യുദ്ധകാലപരിതസ്ഥിതിയിൽ ഉണ്ടായതല്ലേ;

(ബി) കൺട്രോളുകളിൽ അയവുവരുത്തുവാൻ ഒരു പൊതുനയം ഗവണ്മെന്റ് അംഗീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റെന്റ കൺട്രോൾ ആക്ററ് അനുസരിച്ച് എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്;

(ഡി) അവയിൽ കൂടുതൽ പഴക്കമുള്ളവയെത്ര? എത്രകൊല്ലത്തെ പഴക്കം, കൂടുതൽ പഴക്കമുള്ള കേസ്സിനുണ്ട്;

(ഇ) റെന്റ കൺട്രോൾ എത്ര കാലം കൂടി നിലനിൽക്കുമെന്നു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അതെ.

(ബി) അതേപ്പററി ഗവണ്മെന്റ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ൧൪൯ കേസ്സുകൾ.

(ഡി) ഒരു വർഷവും അതിൽ അധികവും പഴക്കമുള്ള ൪൦ കേസ്സുകൾ ഉണ്ട്. ഏററവും കൂടുതൽ പഴക്കമുള്ള കേസ്സിന് അഞ്ചുകൊല്ലത്തെ പഴക്കമുണ്ട്.

(ഇ) കൃത്യമായി നിർദ്ദേശിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. വാറുണ്ണി പുളിക്കൽ: റെന്റ കൺട്രോൾ ആർഡറിന്റെ പ്രവർത്തനത്തിന് ഒരു പ്രത്യേക ആഫീസർ ഉള്ളതായി ഗവണ്മെന്റിന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു ആഫീസർ ഒരു കാലത്ത് ഉണ്ടായിരുന്നു. ഇപ്പോൾ ഇല്ല.

ശ്രീ വാറുണ്ണി പുളിക്കൽ: ഇതിന്റെ പ്രവർത്തനത്തിന് ഒരു പ്രത്യേക ആഫീസറെ നിയമിക്കുന്നതിൽ ഗവണ്മെന്റിന് എന്താണ് തടസ്സം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൪൯ കേസ്സുകളിൽ എന്തോ സംഗതിവശാൽ ൪൦ കേസ്സുകളെ ഒരു വർഷവും അതിൽ അധികവും പഴക്കമുള്ളതുള്ളൂ. അത് എന്തുകൊണ്ടാണ് താമസിക്കുന്നതെന്ന് അന്വേഷിക്കുകയും ചെയ്യാം. മററുള്ളതൊക്കെ ജനറൽകേസ്സുകളാണ്.

Grants to Colleges.

* 12 [14] **Shri O. C. Ninan:** Will the Minister for Education be pleased to state:

(*a*) wht is the total amount of grant to Colleges included in the Budget for the current year;

(*b*) what is the amount already given during the year;

(c) what are the colleges for which the grants have already been issued till now with the amounts issued to each college ;

(d) what is the amount remaining to be disbursed this year ; and

(e) have the allotments of the remaining amounts been fixed?

Chief Minister **(Shri A. J. John) :**

(a) Rs. 30,100.

(b) Rs. 3,00,000.

(c) (1) The South Travancore Hindu College, Nagercoil—Rs. 50,000.

(2) The N. S. S. College for Women, Trivandrum—Rs. 50,000.

(3) The Fatima College, Quilon—Rs. 50,000.

(4) The Catholicate College, Pathanamthitta—Rs. 50,000.

(5) The Marthoma College, Tiruvalla—Rs. 50,000.

(6) The Assumption College, Changanacherry—Rs. 50,000.

(d) Rs. 1,000.

(e) No.

Shri O. C. Ninan : May I know whether the amounts have actually been disbursed ?

Shri A. J. John : Government have already sanctioned the amounts. If the parties execute the receipts, they will get the amount immediately.

ഡാക്ടർ പി. റ്റി. താമസ്സ്: കോട്ടയത്തു ഒരു കാളേജിൽ നിന്ന് ഗ്രാൻറിന് അപേക്ഷ അയച്ചിട്ട് മൂന്നുകൊല്ലമായിട്ടും ഗ്രാൻറ് കൊടുത്തിട്ടില്ല. അങ്ങനെ ഒരു വ്യത്യാസം കാണിക്കുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ: എല്ലാ കാളേജുകൾക്കും ഗ്രാൻറ കൊടുത്തിട്ടില്ല. ഈ കൊല്ലം പഴയ കാളേജുകൾക്ക് ഒന്നിനും ധനസഹായം ചെയ്തുകൊടുക്കേണ്ട; പുതിയ കാളേജുകൾക്ക് ധനസഹായം ചെയ്താൽ മതി എന്ന് തീരുമാനിച്ചതുകൊണ്ടാണ് കോട്ടയത്തുള്ള കാളേജുകൾക്ക് ധനസഹായം കൊടുക്കാതിരുന്നതു്.

Shri A. A. D. Luiz : Are these Colleges asked to furnish any security ?

ശ്രീ. എ. ജെ. ജോൺ: ഗ്രാൻറായിട്ടാണ് കൊടുത്തതു്.

Shri A. Thanu Pillai : Are these grants given on the recommendation of the University ?

Shri A. J. John : No.

Shri A. Thanu Pillai: Are they given without reference to any body ?

Shri A. J. John: They are given without reference to the University.

ഡാക്ടർ എൻ. എസ്. പിള്ള : ട്രാവൻകൂർ കോവാപ്പറേറ്റീവ് കോളേജ് ഏതെങ്കിലും ഗ്രാൻറിന് അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

Drawing and Drill Masters.

* 13. [15] **Shri O. C. Ninan:** Will the Minister for Education be pleased to state :

(*a*) do the Government allow the appointment of a single teacher for teaching drawing and drill in private schools ;

(*b*) is special sanction necessary for each appointment ;

(*c*) are applications pending for sanction in the Director's office ;

(*d*) what is the longest period of pendency of such applications in the Director's Office during this academic year ; and

(*e*) what is the total number of hours generally allotted for a drill master in a week ?

Chief Minister **(Shri A. J. John):**

(*a*) Yes, provided the teacher appointed is qualified to teach Drawing and Drill.

(*b*) No, if there is a sanctioned post.

(*c*) No. The applications are disposed of by the Inspecting Officers.

(*d*) This does not arise in view of answer to (*c*).

(*e*) A Drill Master of a High School with one Division each in all the classes (Form I to Form VI) will have 12 periods or 8 hours work on an average in a week. The number of periods will vary according to the number of divisions.

Writing on Walls and Buildings for Election Propaganda.

* 14. [16] **Shri O. C. Ninan:** Will the Minister for Finance be pleased to state :

(*a*) are the Government aware that writings are made on walls and buildings of Government for election propaganda ;

(*b*) have any sanction been given by Government for the same ;

(*c*) have Government taken any action for the same ;

(*d*) has it come to the notice of the Government that such writings are made even on private buildings and walls without the consent of the owner ; and

(*e*) will the Government consider the question of stopping this mode of propaganda by making rules ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:**

(*a*) Government are aware that writings are made on walls and buildings of Government for election propaganda.

(*b*) These are not made with the sanction of Government.

(*c*) Government have not taken any action in this matter.

(*d*) It has come to the notice of Government that such writings are made even on private buildings and walls without the consent of the owner.

(*e*) The question of preventing the use of Government property for such purposes will be examined.

Shri O. C. Ninan : Is there any rule or law prohibiting such writings ?

Shri Panampilli Govinda Menon : The owner can take it as a case of nuisance if he so chooses.

Shri O. C. Ninan : Why is it that the Government is not taking any action on this ?

Shri Panampilli Govinda Menon : Because Government often read the "writings on the wall" !

Shri O. C. Ninan : Do they allow these writings to remain there ?

Shri Panampilli Govinda Menon: They are more often ignored than removed.

All India Economic Conference.

❋ 15. [17] **Shri A. Kunjan Nadar :** Will the Chief Minister be pleased to state:

(*a*) whether the Travancore-Cochin Government sent any delegate or representative to the All-India Economic Conference (35th Session) held at Trivandrum on 22nd December 1952 ; and

(*b*) if not, why ?

Chief Minister **(Shri A. J. John) :**

(*a*) Yes.

(*b*) Does not arise.

Polytechnique Institute.

❋ 16. [18] **Shri A. Kunjan Nadar :** Will the Chief Minister be pleased to state :

(*a*) whether the Government received any representation from the public for establishing a poly-technique institute in the south;

(*b*) if so what action has been taken on it ?

Chief Minister **(Shri A. J. John) :**

(*a*) Yes.

(*b*) Government is of the view that no other Institute need be started either by the University or by Government than the one which is already existing.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, ഡിപ്ലോമ കോഴ്സിനു് കൊച്ചി വിഭാഗത്തോ വടക്കൻ തിരുവിതാംകൂറിലോ എന്തെങ്കിലും ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: തൃശ്ശിവപേരൂരിൽ ഡിപ്ലോമാ കോഴ്സിനു് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: തെക്കൻ തിരുവിതാംകൂറിൽ ഇഞ്ചിനിയറിംഗ് കാളേജിൽ ചേർന്നു പഠിക്കുവാൻ സാധിക്കാത്ത സാധുക്കളായ വിദ്യാർത്ഥികൾക്കു് പഠിക്കുന്നതിനുവേണ്ടി ഡിപ്ലോമാ കോഴ്സിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഗവർമ്മെൻറിനു് ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ: കളമശ്ശേരിയിൽ ഉള്ള പോളിടെക്നിക്കു് ഇൻസ്റ്റിറ്റ്യൂട്ട് നല്ലനിലയിൽ വരുന്നതുവരെ വേറെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഗവർമ്മെൻറു് ഉദ്ദേശിക്കുന്നില്ല.

വലിയതുറ ഭക്ഷ്യധാന്യഡിപ്പോ.

❋ ൧൭. [൨൦] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തു വലിയതുറയുള്ള ഭക്ഷ്യധാന്യഡിപ്പോ കഴിഞ്ഞ നവംബർമാസത്തിൽ എത്ര ദിവസം പൂട്ടി ഇട്ടിരുന്നു;

(ബി) ഇങ്ങനെ പൂട്ടിയിടുവാൻ ഇടയാക്കിയ കാരണങ്ങൾ എന്തു്;

(സി) പൂട്ടിയിട്ടിരുന്ന ദിവസങ്ങളിലെ വിതരണത്തിന് ധാന്യങ്ങൾ ഏതു ഡിപ്പോയിൽനിന്നാണ് തിരുവനന്തപുരത്തു വിതരണത്തിന് കൊടുത്തതു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൫ ൭ ദിവസം.

(ബി) ഡിപ്പോതൊഴിലാളികളുടെ ഇടയിൽ ഉണ്ടായ തർക്കംമൂലം സമാധാനപരമായി ജോലിതുടർന്നുപോകുവാൻ സാധിക്കാത്തതുകൊണ്ടു്.

(സി) കൊല്ലം ഡിപ്പോയിൽനിന്നു്.

ശ്രീ. സി. ജി. സദാശിവൻ: തൊഴിലാളികളുടെ ഇടയിൽ ഉണ്ടായ തർക്കം പരിഹരിച്ചോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു ത്രികക്ഷിസമ്മേളനം വിളിച്ചുകൂട്ടി തമ്മിൽ സംസാരിച്ചു് തർക്കങ്ങൾക്ക് തൃപ്തികരമായ നിലയിൽ ഒരു തീരുമാനം ഉണ്ടാക്കി

ശ്രീ. സി. ജി. സദാശിവൻ: അവിടെ നിലവിലിരിക്കുന്ന ഒരു യൂണിയനിൽ മനഃപൂർവ്വം ഭിന്നിപ്പുണ്ടാക്കുവാൻവേണ്ടി ഗവണ്മെന്റുദ്യോഗസ്ഥന്മാർ ഉണ്ടാക്കിയ ഒരു കുഴപ്പമാണു് അതെന്നു് ഗവണ്മെന്റിനു് അറിയാമോ?

Mr. Speaker: That need not be answered.

ശ്രീ. സി. ജി. സദാശിവൻ: കൊല്ലം ഡിപ്പോവിൽനിന്നു് ധാന്യങ്ങൾ കൊണ്ടുവന്നപ്പോൾ അതിനു് വില അല്പം കൂടിയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്പം വിലകൂടി.

ശ്രീ. സി. ജി. സദാശിവൻ: ഒരു ഡിപ്പോവിലെ സ്റ്റോക്ക് തീർന്നുപോയാൽ വേറെ ഒരു ഡിപ്പോവിൽനിന്നു് ധാന്യങ്ങൾ കൊണ്ടുവരികയില്ലേ? അങ്ങനെകൊണ്ടുവരുന്ന ധാന്യങ്ങൾ വിലകൂട്ടി വില്ക്കാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു സംഭവം വന്നാൽ എന്താണു് ചെയ്യേണ്ടതെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല

ശ്രീമതി കെ. ആർ. ഗൗരി: ഗവണ്മെന്റ് ആണു് ഈ കുഴപ്പം ഉണ്ടാക്കിയതെങ്കിൽ ഗവണ്മെന്റ് അല്ലേ നഷ്ടം സഹിക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെന്റ് ആണെങ്കിൽ ഗവണ്മെന്റാണു് നഷ്ടം സഹിക്കേണ്ടതു്.

Shri. P. S. Nataraja Pillai: Is it under the orders of Government that the depot was closed?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഗവണ്മെന്റ് രേഖാമൂലം ആർഡർ കൊടുത്തിട്ടാണോ എന്നു് പറയുവാൻ നിവൃത്തിയില്ല.

Shri P. S. Nataraja Pillai: Was it on a report from the Depot Officer that he was unable to issue and that there would be breach of peace ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിപ്പോ അടച്ചിട്ടതു് അതിനു് ശേഷമാണോ എന്നു് അറിയുവാൻ നിവൃത്തിയില്ല.

Shri P. S. Nataraja Pillai: What was exactly the difficulty that arose in that Depot ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ മൂന്നാമു ഷിഫ്റ്റായിട്ടു് പ്രവർത്തിച്ചുകൊണ്ടിരുന്ന തൊഴിലാളികളിൽ ഒരുകൂട്ടം തൊഴിലാളികളും വേറൊരുകൂട്ടം തൊഴിലാളികളും തമ്മിൽ സമാധാനക്കേടുണ്ടായി. അവരെ രണ്ടുകൂട്ടരേയും വിളിച്ചു് സംസാരിച്ചു് ആ സമാധാനക്കേടു് തീർത്തു.

Shri P. S. Nataraja Pillai; May I know whether the Depot Officer reported that they were not co-operating, that is, since there was no co-operation among the workers the Depot Officer was not in a position to issue stocks to the merchants ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് അങ്ങനെ സമാധാനമായിട്ടു് സ്റ്റോക്കു് പുറപ്പാടിൽ ആലോചിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു് പൂട്ടിയിട്ടുള്ളു.

Shri P. S. Nataraja Pillai: May I know whether there was any report from the Depot Officer ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു റിപ്പോർട്ടു് ഡിപ്പോ ആഫീസരുടെ കയ്യിൽനിന്നു് ഉണ്ടായിട്ടുണ്ടോ എന്നു് ഖണ്ഡിതമായി പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല.

Shri P. S. Nataraja Pillai: Who initiated this matter, is it the Depot Officer or the Government ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഗവണ്മെന്റു സംബന്ധമായിട്ടു് ചെയ്തതല്ല.

Shri P. S. Nataraja Pillai: Did the Civil Supplies Commissioner report to Government that he wanted this Depot to be closed ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇങ്ങനെയുള്ള അടിയന്തിര പരിതഃസ്ഥിതികൾ വരുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും കടലാസുകൾ പറപ്പിക്കുകയല്ലാ ചെയ്യുക. ഉദ്യോഗസ്ഥന്മാരെ വിളിച്ചു് കാര്യങ്ങൾ അവസാനിപ്പിക്കുകയാണു് ചെയ്യുക.

Shri P. S. Nataraja Pillai: May I know whether the Minister in charge was not directly responsible for the disposal of the stocks at the Depot ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്റ്റോക്ക് മിനിസ്റ്റർ അല്ല എടുത്തുകൊടുക്കുന്നതെങ്കിലും മിനിസ്ട്രിയിൽനിന്നാണ് അതു നടക്കുന്നതു്.

Shri P. S. Nataraja Pillai: May I know whether every activity of the Depot was within the knowledge and cognizance of the Minister in Charge ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

Shri P. S. Nataraja Pillai: May I know whether the initiative to close down that depot was taken by Government or by any executive offcer of the Government.

Mr. Speaker: Now it is clear that the hon. Minister is not in a position to say whether there was a report from the Depot Officer or the Civil Supplies Commissioner. In other words, the hon. Minister takes upon himself the complete responsibliity to close down the depot.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുകൂട്ടരെക്കൊണ്ടും സെറ്റിൽമെന്റിൽ ഒപ്പിടുവിച്ച് വാങ്ങിയിട്ടുണ്ട്. തൊഴിലാളികളിൽ മൂന്നുനാലു ഷിഫ്റ്റുകൾ ഉള്ളതിൽ ഒരുകൂട്ടം തൊഴിലാളികളും മറ്റൊരു കൂട്ടം തൊഴിലാളികളുമായിട്ടാണ് തർക്കം ഉണ്ടായതു്. അവരെ വിളിച്ച് സംസാരിച്ച് ആ തർക്കം തീർത്തു.

Shri P. S. Nataraja Pillai: May I know what was the settlement that was arrived at ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്റെ ഓർമ്മ ശരിയാണെങ്കിൽ അങ്ങനെ ഒരു തീർപ്പിന് ലേബർ കമ്മീഷണരുടെ മുമ്പിൽവച്ച് രണ്ടുകൂട്ടരും സമ്മതിച്ചു. അതിനുശേഷം ഒരു കക്ഷി അതിൽനിന്നു പിൻമാറി എന്നാണ് എന്റെ അറിവ്.

ശ്രീ. എ. താണുപിള്ള: ഇതു് കോൺഗ്രസ്സുകാരുടെ ആഭിമുഖ്യത്തിലുള്ള ഒരു തൊഴിലാളിസംഘടനയെ സഹായിക്കുവാനായിട്ട് മിനിസ്റ്റർ വരുത്തിവച്ച ഒരു ഉപദ്രവമല്ലേ?

Mr. Speaker; That question is not allowed.

ശ്രീ. റ്റി. എസ്സ്. രാമസ്വാമി: രണ്ടു കൂട്ടർ ആരൊക്കെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒന്ന് പി. എസ്സ്. പി.

ശ്രീ. റ്റി. എസ്സ്. രാമസ്വാമി: മറ്റേന്ന്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐ. എൻ. ടി. യു. സി.

ശ്രീ. റ്റി. എസ്സ്. രാമസ്വാമി: ഈ ഐ. എൻ. ടി. യു. സി. വരുന്നതിനു മുമ്പ് ഈമാതിരി ഉപദ്രവം ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പി. എസ്സ്. പി. വന്നതിനുശേഷമാണ് ഈ മാതിരി കുഴപ്പങ്ങൾ ഉണ്ടാകുന്നതു്.

ശ്രീ. റ്റി. എസ്സ്. രാമസ്വാമി : അതു് വന്നിട്ടു് എത്രകാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് വന്നിട്ടു രണ്ടുമൂന്നു കൊല്ലമായി.

കയർ സഹകരണസംഘത്തിനു് ലോണും ഗ്രാൻറും.

✻ ൧൮. [൧൨ ൧] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇൻഡ്യൻ പാർലമെൻറിൻെറ കഴിഞ്ഞ സമ്മേളനത്തിൽ വാണിജ്യമന്ത്രി ശ്രീ. കർമാക്കർ തിരുവിതാംകൂർ-കൊച്ചിയിലെ കയർ സഹകരണസംഘങ്ങൾക്കു് തൻകൊല്ലത്തിൽ നാലുലക്ഷം രൂപ ലോണും, അമ്പത്തിനാലായിരം രൂപ ഗ്രാൻറും അനുവദിച്ചിട്ടുണ്ടെന്നു പ്രസ്താവിച്ചതു ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രത്തിൽനിന്നും ആ തുക വാങ്ങിച്ചുവോ;

(സി) ആ തുക എവിടെ എതെല്ലാം സൊസൈററികളുടെ പ്രവർത്തനത്തിനു് വിനിയോഗിച്ചു?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല. കേന്ദ്രഗവണ്മെൻറ കയർ സഹകരണ പദ്ധതിക്കു് തൻകൊല്ലത്തെ ഗ്രാൻറായി ൧൮൪൦൦ രൂപ തരാൻ അനുവദിച്ചിട്ടുണ്ടു്. തുക തന്നുകഴിഞ്ഞിട്ടില്ല. ഈ പദ്ധതിക്കു് തൻകൊല്ലത്തെ ലോണായി ൨ ലക്ഷം രൂപ കേന്ദ്രഗവണ്മെൻറു് നീക്കിവച്ചിട്ടുണ്ടു്. എന്നാൽ തുകതരാൻ ഇതുവരെ അനുവദിച്ചിട്ടില്ല.

(ബി) (സി) തുക വാങ്ങികഴിഞ്ഞിട്ടില്ല. ഉടനെ കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. സി. ജി. സദാശിവൻ : കയർ സഹകരണസംഘങ്ങൾക്കു് വേണ്ടി ഇത്ര ലക്ഷം രൂപ തരണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. സി. ജി. സദാശിവൻ : എത്ര ലക്ഷം രൂപയാണു് ആവശ്യപ്പെട്ടിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പഞ്ചവത്സരപദ്ധതിയിൽ കയർ സഹകരണസംഘങ്ങൾക്കു് സഹായം ചെയ്യുന്നതുകൂടി ഉൾപ്പെടുത്തണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്. എത്ര സംഖ്യയാണു് ആവശ്യപ്പെട്ടിട്ടുള്ളതു് എന്നു് നിശ്ചയമില്ല.

ശ്രീ. സി. ജി. സദാശിവൻ : ഇതുവരെ എന്തു തുക കിട്ടിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കൊല്ലത്തേയ്ക്കു ൧൭൪൦൦ രൂപ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: കയർ സഹകരണസംഘങ്ങൾക്കു ലോൺ കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലോൺ ആവശ്യപ്പെട്ടിട്ടുള്ള ചില കയർ സഹകരണസംഘങ്ങൾക്കു് ഗ്രാൻറു് അനുവദിച്ചു ആർഡേഴ്സ് അയച്ചിട്ടുണ്ടു്.

ശ്രീ. രാമകൃഷ്ണൻ: ഗ്രാൻറു് അനുവദിച്ചിട്ടു് എത്ര മാസമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏകദേശം ഒരുമാസമായി.

ശ്രീ. രാമകൃഷ്ണൻ: കയർ സഹകരണസംഘങ്ങൾ തുടങ്ങിയിട്ടു എത്ര കാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില സൊസൈററികൾ തുടങ്ങിയിട്ടു ൧൯-ം, മററു ചിലതു തുടങ്ങിയിട്ടു ൧൭-ം മാസമാവും.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൊത്തം തുക എത്രയാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കൊല്ലത്തേയ്ക്കു അനുവദിച്ചിട്ടുള്ള തുകയാണു മുമ്പു ഞാൻ പറഞ്ഞതു്.

കയർ കയററുമതി.

* എൻ. [൨൧] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളുമായുള്ള ഇൻഡ്യയുടെ വ്യാപാരഉടമ്പടികളിൽ കയർ ഒരു കയററുമതിച്ചരക്കായി ഉൾപ്പെടുത്തണമെന്നുള്ള കയർ ഫാക്ടറി തൊഴിലാളിയൂണിയനുകളുടെ നിർദ്ദേശം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ ഗവണ്മെൻറു കൊണ്ടുചെന്നിട്ടുണ്ടോ;

(ബി) ഏതെങ്കിലും രാജ്യങ്ങളുമായിട്ടുള്ള ഉടമ്പടികളിൽ കയറിനെ കയററുമതിച്ചരക്കായി ഉൾക്കൊള്ളിച്ചിട്ടുള്ളതായി അറിയാമോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിദേശരാജ്യങ്ങളുമായുള്ള ഇൻഡ്യയുടെ വ്യാപാര ഉടമ്പടികളിൽ കയർ ഒരു കയററുമതി ചരക്കായി ഉൾപ്പെടുത്തണമെന്നുള്ള കാര്യം ഗവണ്മെൻറു് കേന്ദ്രത്തിനോടാവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) അറിയാം.

ശ്രീ. സി. ജി. സദാശിവൻ: ഇങ്ങനെ സംഭവിച്ചതിന്റെ ഫലമായി കയറിനും മററും കൂടുതൽ ആർഡർ ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണ് എന്റെ അറിവ്. ഇററലി, ഫിൻലാൻഡ്, നോർവെ, ആസ്ട്രിയാ, ഫെഡറൽ ജർമ്മനി, ബർമ്മ, ഹങ്കറി മുതലായ രാജ്യങ്ങളിൽ നിന്നും ആർഡർകൾ ലഭിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവ്.

ശ്രീ. സി. ജി. സദാശിവൻ: ഈ രാജ്യങ്ങളിൽ നിന്നും എന്തെങ്കിലും ആർഡർ കിട്ടിയിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആർഡർ കിട്ടേണ്ടതു് ഈ രാജ്യങ്ങളിൽ നിന്നും നേരിട്ടല്ല.

ശ്രീ. സി. ജി. സദാശിവൻ: ഫെഡറൽ ജർമ്മനിയിൽ നിന്നും കുറെ ആർഡർ കിട്ടും എന്നു പറഞ്ഞു; അതു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന് നോട്ടീസ് വേണം.

Shri A. A. D Luiz. : Has the Government received any complaint from the foreign markets that the quality of coir products is not satisfactory?

Shri Panampilli Govinda Menon : I don't know whether Government have got it; but I know that there is such complaint outside.

ശ്രീ. രാമകൃഷ്ണൻ: പുറത്തുനിന്നും കിട്ടുന്ന ആർഡർകൾക്ക് ഏതു ഏജൻസി വഴിയാണു സപ്ലൈ ചെയ്യുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറ് നേരിട്ടു ഗുഡ്സ് സപ്ലൈ ചെയ്യുക അല്ല. വിദേശങ്ങളിൽ അയയ്ക്കുന്നതിന് കേന്ദ്രഗവണ്മെൻറിന്റെ സമ്മതം വേണം.

ശ്രീ. രാമകൃഷ്ണൻ: നാട്ടുകാരായ കയർ കച്ചവടക്കാർക്കു വലിയ ബുദ്ധിമുട്ടുകൾ ഉണ്ടെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

ശ്രീ. രാമകൃഷ്ണൻ: മട്ടാഞ്ചേരിയിൽ ഒരു കയർ കോഓപ്പറേറ്റീവ് സൊസൈററി ഇല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. രാമകൃഷ്ണൻ: ആ കോഓപ്പറേറ്റീവ് സൊസൈററിക്ക് ഏജൻസി ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മട്ടാഞ്ചേരിയിലെ കയർ കോഓപ്പറേറ്റീവ് സൊസൈററി, കയറും മററു കയറുല്പന്നങ്ങളും ഈടുവച്ചു പണം കടം കൊടുക്കുന്ന ഒരു സൊസൈററിയാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഇററലി, ജർമ്മനി മുതലായ വിദേശരാജ്യങ്ങളിൽ നിന്നും കിട്ടിയ ആർഡറുകൾ അനുസരിച്ച് അയച്ചിട്ടുള്ളതു വാങ്ങാതെയിരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരാതി കിട്ടിയിട്ടില്ല.

Japanese system of cultivation.

✻ 20. [22] **Shri R. Kesava Pillai :** Will the Minister for Agriculture be pleased to state:

(a) What is meant by the Japanese system of cultivation and whether it is proposed to be extended to this State; and

(b) the advantages of the system over the system prevailing in the State and the systems in vogue elsewhere?

Chief Minister (**Shri A. J. John**) : (a) The Japanese system of cultivation is only a form of intensive paddy cultivation.

It is proposed to extend the system to this State.

(d) Low seed rate and high yield are stated to be the advantages of the Japanese system of cultivation.

ശ്രീ. ആർ. കേശവപിള്ള : ഈ രാജ്യത്ത് എവിടെ എങ്കിലും ഈ സിസ്റ്റം തുടങ്ങിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : തുടങ്ങുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. ഗാന്ധിസ്മാരകനിധിയുടെ വകയായി ഒരു സംഘം ആളുകൾ ഈ മാസം ൨൭-ാംനു തൃശ്ശൂർ വരുന്നുണ്ട്. അവിടെ ഇതിന്റെ എല്ലാ വിവരങ്ങളും നൽകുന്നതാണ്. അവിടെ film പ്രദർശിപ്പിക്കുന്നതാണ്. ഉദ്യോഗസ്ഥന്മാരും കർഷകരും പങ്കുകൊള്ളണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ട്.

Loan to cultivators.

✻ 21. [23] **Shri R. Kesava Pillai :** Will the Chief Minister be pleased to state :

(*a*) whether any sum has been advanced to the State Government by the Central Government for the purpose of giving loan to cultivators of land in 1952 ;

(*b*) if so, the amount of such loan and the sum already disbursed ; and

(*c*) the conditions to be satisfied by the borrowers of such loan ?

Chief Minister (**Shri A. J. John**) : (*a* & *b*) A loan of Rs. 5 lakhs was sanctioned by the Central Government for the year 1952-53

for the purpose of giving loans to the ryots. But this amount has not actually been drawn since there was enough unspent balance from the sum of Rs. 5 lakhs sanctioned to the State in 1949-50. A sum of Rs. 3,44,600 was disbursed as loans during 1952.

(c) Reference is invited to the G. M. F. loan rules published in the Gazette dated 26-12-1950.

ശ്രീ. ആർ. കേശവപിള്ള: ഇതിൻപ്രകാരം അപേക്ഷകൾ വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഉണ്ട്. അതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

അദ്ധ്യാപകശമ്പള ക്രമീകരണം.

* ൮൮. [൮൪] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) അദ്ധ്യാപകശമ്പള സമീകരണപദ്ധതിയിൽ തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരോട് നീതിപരമായി പ്രവർത്തിച്ചിട്ടില്ല എന്ന് ഗ്രാഡ്വേറ്റ് അദ്ധ്യാപകസംഘടനയിൽനിന്നും എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഗവണ്മെന്റു പ്രൊസീഡിംഗ്സിൽ അന്തർഭവിച്ചിരിക്കുന്നതായി അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏവ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) നിവേദനത്തിൽ പറഞ്ഞിരിക്കുന്നതു പോലെ യാതൊരു ക്രമക്കേടും പ്രൊസീഡിംഗ്സിൽ അന്തർഭവിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അദ്ധ്യാപകന്മാരുടെ ഗ്രേഡുകൾ തമ്മിലുള്ള അനുപാതം.

* ൮൯. [൮൭] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തീയതി (൧-൭-൧൯൪൯) വരെ അവർക്ക് ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകിക്കൊണ്ടാണോ അദ്ധ്യാപകരുടെ സർവ്വീസ് സംയോജിപ്പിച്ചത്;

(ബി) 'അല്ല' എന്നാണ് 'എസ്സ്' ഉത്തരമെങ്കിൽ തിരുവിതാംകൂർ വിഭാഗത്തിലെ ഗ്രാഡ്വേററ് അദ്ധ്യാപകന്മാർക്ക് അങ്ങനെ ഒരു പരാതിയുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംയോജനത്തീയതിയിൽ നിലവിലിരുന്ന ഗ്രേഡുകൾ തമ്മിലുള്ള അനുപാതം നിറുത്തൽ ചെയ്യുന്നത് സംയോജനവ്യവസ്ഥകൾക്ക് വിപരീതമല്ലേ;

ശ്രീ. ആർ. കേശവപിള്ള : മദ്രാസ് മെഡിക്കൽകാളേജിൽ അലോപ്പതി മാത്രമേ പഠിപ്പിക്കുന്നുള്ളു എന്നും അവിടെ ആയുർവ്വേദമോ, ഹോമിയോപ്പതിയോ, സിദ്ധവൈദ്യമോ ഒന്നും പഠിപ്പിക്കുന്നില്ലെന്നു് അറിയാമോ?

Shri P. S. Nataraja Pillai : I plead ignorance. If this Bill is going to be enforced, the Tamilians whose mother-tongue is Tamil and who are having a profession in the Siddha system of medicine will be shut out from practising it in Travancore. That will be its effect.

ശ്രീ. കളത്തിൽ വേലായുധൻനായർ : മദിരാശി സംസ്ഥാനത്തു സിദ്ധവൈദ്യസമ്പ്രദായം പ്രോൽസാഹിപ്പിക്കാത്തതുകൊണ്ടു് തമിഴ് ഭൂരിപക്ഷമുള്ള ആ പ്രദേശത്തു സിദ്ധവൈദ്യസമ്പ്രദായം നശിച്ചിരിക്കയാണെന്നാണോ പറയുന്നതു്?

Shri P. S. Nataraja Pillai : To the best of my knowledge there is a Sidha system of medicine.

ஸ்ரீ. பி. ராமஸ்வாமி பிள்ளை : மதராஸில், இந்த சித்த ஸிஸ்டத்தை சென்னை சக்கார் recognise *செய்திருக்கிறார்கள் என்பது மெம்பர் அவர்களுக்குத் தெரியுமா ?*

Shri P. S. Nataraja Pillai : Coming as it does from the other side of the Home, it is all the more strong. Therefore, I think it will be an injustice to the minority if this system of medicine is not given a separate council. I feel that, that right of the minority should be recognised.

As I said at first it is a real hardship to a section of the people. There are a lot of people who do not know either sanskrit or Malayalam who have taken up this system of profession. With their limited knowledge in languages they equipped themselves to practise this system with efficiency. When people who have no knowledge in this

branch of medicine are put to supervise them, naturally they fear that they will be eliminated. The question is whether we should create such a hardship in this country. Therefore, in all humility I appeal to all sections of the House to support the motion.

Shri N. P. Varghese : Is the hon. Member using this system for his own personal treatment ?

Shri P. S. Nataraja Pillai : I have had occasions to treat my children on Siddha system after being treated on Ayurveda system and I have found that they have improved.

Shri R. Ponnappa Nadar: Sir, I wish to speak a few words with regard to the observations made by the hon. Member Shri P. S. Nataraja Pillai.

Mr. Speaker : During the Budget discussion, we will get sufficient time to make observations on several subjects. Now, we are dealing with medicine. So hon. Members may make observations relevant to the subject under discussion.

Shri R. Ponnappa Nadar : In supporting the amendment tabled by Shri Ramaswami Pillai I never expected such a statement from such a responsible member as Shri Nataraja Pillai. Not that I retort or say anything against Shri Nataraja Pillai. I fail to see the relevancy of the allegations made by Shri Nataraja Pillai.

Mr. Speaker: If two hon. Members were indulging in irrelevancy, will the interference of a third member minimise that irrelevancy ?

Shri R. Ponnappa Nadar : I do not think so.

As put forward by the mover of the motion, this is a matter which touches not only the minority interest. This matter was mooted in the Select Committee and one member said: " Look here, people practising in Siddha system are only a handful and as such they need not be given any representation. " That was the kind of argument that was advanced in the Select Committee. I may tell this House that it is rather painful that the Siddha system is not given its due prominence or importance so far as the Medical Practitioners Bill is concerned. Especially, in South Travancore and in the adjoining districts, there are a lot of people practising in this system. They form a class by themselves. I may say that they are very proficient in the Siddha system. For " *marma* " treatment this system is very proficient and there are a large number of hereditary families who follow this system of treatment spread throughout the length and breadth of South Travancore. I may tell this House that there are very ancient families who can give expert treatment in this system.

Mr. Speaker : Is it the idea of the Member that the Siddha system and the *marmani* system are one and the same ?

Shri R. Ponnappa Nadar : They can treat in the *marma* system also. It is only a branch of the Siddha system.

My submission is that sufficient representation should be given to this system of medicine . Not that we want to secede from this State to Pakistan. If at all Tamilians will secede, they will join the Tamilians in the Indian Union. They will not join the Pakistan as apprehended by Shri P. S. Nataraja Pillai. I may say that the system should be given its due representation and a separate council should also be constituted so that the interests of the Siddha practitioners may be safeguarded.

Mr. Speaker : Being a Member of the Select Committee, has he mooted the question there ?

Shri R. Ponnappa Nadar : Yes.

Mr. Speaker : But I do not find anything in the report. May I ask the member what exactly is the prepared medicine according to Siddha system ; is it liquid or powder ?

Shri R. Ponnappa Nadar : It is not liquid or powder. It is a system of medicine practised by a class of people who are well-versed in it. I am not an expert to answer the question. I may request the members of the House to consider this aspect of the matter and the physicians practising in this system must be given separate representation and their interests should be safeguarded.

Shri M. M. Abdul Khader : I oppose the amendment. It is not my intention to decry the Siddha system. Most of us, just like you, Honourable Sir, do not appear very much to have heard of it.

Mr. Speaker : I have heard of it.

Shri M. M. Abdul Khader : You were asking whether it is liquid or powder.

The whole tenor of the Act, as I see it, is to envisage a composite Medical Council. There is representation for all the various indigenous systems of medicine in that composite council contemplated by the Act. Of course, there may be a few Siddha physicians who are catering to the needs of some section of the people. They find representation because the Act provides for two members belonging to the system. I suppose that is quite ample to accord the protection necessary for that system and for making suggestions for its further development. I do not think that in this Council which is intended to further the interests of medical practitioners in general, members belonging to the various systems of medicine are going to quarrel like

dogs and cats decrying one system and favouring another to the detriment of the other. Such an eventuality certainly cannot be envisaged. In fact, it would be a reflection on the members represented in the council who belong to the various systems of medicine to think that out of professional jealousy they will decry other systems especially because barring the Tamil districts there is no Siddhasystem of medicine elsewhere in the State. In proportion to the needs of the people and the systems of medicine, they have got representation. I may tell the Member that the Unani system which is certainly more widely prevalent than the Siddha system is represented by a solitary member in the Council. Therefore, there is nothing wanting calling for the setting up a separate Siddha Council to protect that system. My friend was telling that they were not going to Pakistan or some distant country. But all the same, so far as I understand, even though they might now fight shy, it was certainly their cherished political ambition, if not of the members, but surely of the tamil speaking people to merge with, their brothren belonging to the Madras State. In such an eventuality setting up a Siddha Council would be certainly superfluous and wasteful of the funds of the State.

ശ്രീ. എ. കുഞ്ഞൻനാടാർ : സർ, ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു. സിദ്ധവൈദ്യത്തെപ്പറ്റി ഇവിടെ വാദങ്ങൾ നടക്കുമ്പോൾ ഈ രാജ്യത്തെ ഒരു വിഭാഗം ജനങ്ങളുടെ ജീവിതാവശ്യത്തെയും ആഗ്രഹത്തെയുമാണ് പ്രകടിപ്പിക്കുന്നത് എന്നും അല്ലാതെ വെറും നേരംപോക്കിനോ വാദത്തിനോ വേണ്ടി അല്ല പറയുന്നതെന്നും ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. തെക്കൻ തിരുവിതാംകൂറിലെ ൯൦ ശതമാനം ജനങ്ങളുടെ വൈദ്യസംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നത് സിദ്ധവൈദ്യന്മാരാണ്. ഏകദേശം ആയിരത്തി അഞ്ഞൂറു വൈദ്യന്മാർ രജിസ്റ്റർ ചെയ്യാൻ അപേക്ഷിച്ചിട്ടുണ്ട്. പ്രാക്ടീഷണർമാരായ സിദ്ധവൈദ്യന്മാർ വളരെ അധികം തിരുവിതാംകൂറിലുണ്ട്. വളരെ അധികംപേർ അപേക്ഷ കൊടുത്തിട്ടും രജിസ്റ്റർ ചെയ്യാതെ കിടപ്പുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ് : നെയ്യൂർ ആശുപത്രിയെപ്പോലെ റെക്കഗ്നൈസ്ഡ് ആശുപത്രികൾ എവിടെയെങ്കിലും ഉണ്ടോ?

ശ്രീ. എ. കുഞ്ഞൻനാടാർ : നെയ്യൂർ ആശുപത്രിയെപ്പോലെ ഉള്ള ആശുപത്രികൾ കാണുകയില്ലായിരിക്കാം. വേറെ ആശുപത്രികൾ കാണും.

ശ്രീ. എൻ. പി. വർഗ്ഗീസ് : രണ്ടുമൂന്നു ആശുപത്രികളുടെ പേരു പറഞ്ഞാൽ കൊള്ളാം.

ശ്രീ. എ. കുഞ്ഞൻനാടാർ : ഒരു പക്ഷേ സിദ്ധവൈദ്യത്തിന് പേരു പറയത്തക്കവിധത്തിലുള്ള ആശുപത്രികൾ ഇല്ലെന്നു വന്നാൽ തന്നെ അത് നിങ്ങൾക്കൊക്കെതന്നെ ആക്ഷേപകരമാണെന്നാണ് എനിക്കു പറയാനുള്ളത്. അലോപ്പതിക്കും ആയുർവ്വേദത്തിനും പച്ചവെള്ളം മരുന്നായി കൊടുക്കുന്ന ഹോമിയോപ്പതിക്കും ആശുപത്രികൾ ഉണ്ടാകുമ്പോൾ തെക്കൻ തിരുവിതാംകൂറിലെ ജനങ്ങൾ കൂടുതലായി

[ശ്രീ. എ. കുഞ്ഞൻനാടാർ.]

ആശ്രയിക്കുന്നതും ആദരിക്കുന്നതുമായ സിദ്ധവൈദ്യത്തിൽ ഒരാശുപത്രി പോലും ഇല്ലാതെ വരുന്നതു് ആക്ഷേപമാണെന്നുള്ളതിനു് സംശയമില്ല. അടുത്തകാലത്തു് തമിഴ്നാട്ടിലെ ജനങ്ങളുടെ മനോഭാവം എന്താണെന്നറിയുവാൻ ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രിക്കു് നല്ലൊരവസരം ലഭിക്കുകയുണ്ടായി. അദ്ദേഹം ശുചീന്ദ്രത്തു് ഒരു ആയുർവ്വേദ ആശുപത്രി തുറക്കാനായി ഏകദേശം രണ്ടുമാസംമുമ്പു് പോകുകയുണ്ടായി. അവിടത്തെ പ്രസിദ്ധ ആയുർവ്വേദ വൈദ്യന്മാരായ ചില വൈദ്യന്മാർ ഓർഗനൈസ് ചെയ്ത യോഗവും തൽസംബന്ധമായി അവിടെ കൂടുകയുണ്ടായി. ഞാനും ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. ആ യോഗത്തിൽവച്ചു് ബഹുമാനപ്പെട്ട മന്ത്രിക്കു അവിടത്തെ ജനതയുടെ മനോഭാവം നല്ലവണ്ണം മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ആ യോഗത്തിൽ പത്തോ പതിനഞ്ചോ പേർ മാത്രമാണു് ഹാജരുണ്ടായിരുന്നതു്. സാമാന്യജനങ്ങളുടെ ആവശ്യത്തിനെ പുരസ്കരിച്ചാണല്ലോ ആശുപത്രിയുടെ ഉൽഘാടനം നടത്തുന്നതു്. എന്നാൽ സാധാരണയായിട്ടു് ആയുർവ്വേദമെന്നു പറഞ്ഞാൽ തമിഴ്നാട്ടിലെ സാമാന്യ ജനങ്ങൾക്കു് എന്താണെന്നുപോലും മനസ്സിലാക്കാൻ വിഷമമായിട്ടാണിരിക്കുന്നതു്. ആയുർവ്വേദം ഞങ്ങളുടെ നാട്ടിൽ വലിയ പ്രചാരമൊന്നുമില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: ലാടവൈദ്യമെന്നു പറയുന്നതാണോ മെമ്പർ പറയുന്ന സിദ്ധവൈദ്യം?

ശ്രീ. എ. കുഞ്ഞൻനാടാർ: ലാടവൈദ്യം വേറെ, സിദ്ധവൈദ്യം വേറെ. സർ, സാധാരണയായിട്ടു് തമിഴർക്കു് സംസ്കൃതത്തിലുള്ള ആയുർവേദ ബുക്കുകളൊന്നും വായിച്ചു മനസ്സിലാക്കാൻ സാധിക്കുന്നതല്ല. സംസ്കൃതം ഉച്ചരിക്കാൻതന്നെ അവരെക്കൊണ്ടു കഴിയുകയില്ല. ആയുർവേദത്തെപ്പററി തമിഴിൽ ഗ്രന്ഥങ്ങളുമില്ല. നേരെമറിച്ചു് സിദ്ധവൈദ്യമാണെങ്കിൽ അവയെപ്പററി പ്രതിപാദിക്കുന്ന ധാരാളം തമിഴ് ഗ്രന്ഥങ്ങളുണ്ടു്. അതുകൊണ്ടു ഹോമിയോപ്പതിക്കു് ഒരു കൗൺസിൽ ഏർപ്പെടുത്തിയതുപോലെ സിദ്ധവൈദ്യത്തിനും ഒരു കൗൺസിൽ ഏർപ്പെടുത്തേണ്ടതാണു്. ആയുർവേദത്തിന്റെ ഒരു ഭാഗമാണു സിദ്ധവൈദ്യം എന്നു പറയുന്നതു തെററാണു്. രണ്ടും രണ്ടു പ്രത്യേക ചികിത്സാ സമ്പ്രദായങ്ങളാണു്. സിദ്ധവൈദ്യത്തിൽ ആയുർവേദത്തേക്കാൾ കൂടുതൽ മരുന്നുകളും പ്രയോഗങ്ങളും ഉണ്ടു്. ഈ അടുത്തകാലത്തു് ആയുർവ്വേദക്കാർ മരുന്നുകളുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയ ഒരു ലിസ്റ്റു് ഞാൻ വായിക്കുകയുണ്ടായി. അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മരുന്നുകൾ എണ്ണത്തിൽ സിദ്ധവൈദ്യത്തെ അപേക്ഷിച്ചു് വളരെ കുറവാണു്. സിദ്ധവൈദ്യത്തിൽ ആയിരക്കണക്കിനാണു് മരുന്നുകൾ ഉള്ളതു്. ഒരു പ്രത്യേക ചികിത്സാസമ്പ്രദായമാണുള്ളതു്. സിദ്ധവൈദ്യത്തിനു് മദ്രാസിൽ പ്രത്യേക പരിഗണനയും പരിശീലനകേന്ദ്രങ്ങളുമുണ്ടു്. വാസ്തവത്തിൽ അവയ്ക്കു് അർഹിക്കുന്ന പ്രോൽസാഹനം ഗവണ്മെന്റു് നൽകാത്തതുകൊണ്ടു് വിപുലമായ രീതിയിൽ പ്രചരിക്കുന്നില്ലെന്നേ ഉള്ളു. ബഹുമാനപ്പെട്ട മന്ത്രി ആശുപത്രി ഉൽഘാടനം ചെയ്യാൻ വന്ന അവസരത്തിൽ ഞാനദ്ദേഹത്തോടു സിദ്ധവൈദ്യത്തെപ്പററി വിശദമായി ചർച്ചചെയ്യുകയും അദ്ദേഹം അതു് തൃപ്തികരമായി പരിഗണിക്കാമെന്നു സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്.

എന്തായാലും സിദ്ധവൈദ്യമെന്നുള്ളതു് നിസ്സാരമായി തള്ളിക്കളയാവുന്ന ഒന്നല്ല. സിദ്ധവൈദ്യം എത്രത്തോളം ഉപകാരപ്രദമാണെന്നുള്ളതിലേക്കു് ഞാൻ ഒരു ദൃഷ്ടാന്തം പറയാം. ഏതാനും വർഷം മുമ്പു് ഞങ്ങളുടെ നാട്ടിൽ കാളറാ പിടിപെട്ടു് അനവധി ആളുകൾ മൃതിയടയേണ്ടിവന്നു. എന്നിട്ടും രോഗം നാൾക്കുനാൾ കൂടിവരുന്നതേയുള്ളു. പലവിധ ചികിത്സകളും ഗവണ്മെൻറിൽനിന്നു നടത്തി പരാജയപ്പെട്ടതിൻെറ ഫലമായിട്ടു അന്നത്തെ സർജൻ ജനറൽ ഒരു പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. നാട്ടുവൈദ്യന്മാർ ആരെങ്കിലും ഈ മഹാരോഗത്തെ ചികിത്സിച്ചു ഭേദപ്പെടുത്തുകയാണെങ്കിൽ തക്ക സമ്മാനം കൊടുക്കാമെന്നുള്ളതായിരുന്നു ആ പ്രസ്താവന. അതനുസരിച്ചു ചില സിദ്ധവൈദ്യന്മാർ വളരെ ത്രുഷ്ണാന്തിയോടുകൂടി ചികിത്സ നടത്തി സമ്മാനാർഹരായിത്തീർന്നിട്ടുണ്ടെന്നു ഒരു വാർത്ത ഞാൻ ഈയിടെ മെഡിക്കൽവകുപ്പിലെ റിപ്പോർട്ടിൽനിന്നും മനസ്സിലാക്കുകയുണ്ടായി. ഒരു ന്യൂനപക്ഷത്തിൻെറ ആവശ്യമാണിതെന്നു മനസ്സിലാക്കണം. അതേകാരണംകൊണ്ടുതന്നെയാണു് ഈ സഭ അതിനു കൂടുതൽ പരിഗണന നൽകണമെന്നു ഞാനാവശ്യപ്പെടുന്നതും. അടുത്ത കാലത്തു മദ്രാസിലെ മലയാളിമന്ത്രിയായ കൃഷ്ണൻകുട്ടിമേനോൻ ഐക്യകേരളത്തിൽ ചേരുന്നതിനേക്കാൾ മലബാറിലെ മലയാളികൾക്കു നല്ലതു് ഒരു തമിഴരാജ്യമായ മദ്രാസിൽ ചേർന്നിരിക്കുന്നതാണെന്നു പ്രസംഗിക്കുകയുണ്ടായി. അത്തരം ഒരു മനോഭാവം ഇവിടത്തെ തമിഴ് ന്യൂനപക്ഷത്തിനുണ്ടാക്കാൻ ഇവിടത്തെ മലയാളിഗവണ്മെൻറ ശ്രമിക്കേണ്ടതാണു്. അതു ചെയ്യില്ലെങ്കിൽ തമിഴർ പിരിഞ്ഞുപോകുന്നതിനെ തടസ്സപ്പെടുത്തരുതു്. എന്തു തടസ്സങ്ങൾ ഉണ്ടാക്കിയാലും തമിഴർ അതു വകവച്ചുകൊടുക്കുന്നതല്ല. അവരുടെ ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കണമെന്നു മാത്രമെ എനിക്കു പറയുവാനുള്ളു. അതുകൊണ്ടു് സിദ്ധവൈദ്യത്തെപ്പററി എൻെറ ബഹുമാന്യസ്നേഹിതന്മാർ യാതൊരാക്ഷേപവും പറയാതെ എൻെറ അഭിപ്രായത്തോടു യോജിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കുഞ്ഞിത്തൊമ്മൻ: സിദ്ധവൈദ്യത്തിനുവേണ്ടി ഒരു കൗൺസിൽ പ്രത്യേകമായി രൂപീകരിക്കണമെന്നാണു് എൻെറ സ്നേഹിതൻ മി. കുഞ്ഞൻനാടാർ അഭിപ്രായപ്പെടുന്നതു്. അതിൽ പ്രധാനമായി അദ്ദേഹം ഉന്നയിക്കുന്ന വാദം ആയുർവ്വേദം സംസ്കൃതമായതുകൊണ്ടു് തമിഴർക്കു് വായിച്ചു മനസ്സിലാക്കാൻ വിഷമമാണെന്നും, സിദ്ധവൈദ്യം തമിഴിൽ ആയതുകൊണ്ടു് മനസ്സിലാക്കാൻ എളുപ്പമുണ്ടെന്നും മററുമാണു്. എന്നാൽ എൻെറ അറിവിൽപ്പെട്ടിടത്തോളം സംസ്കൃതപണ്ഡിതന്മാരായ പല തമിഴരും ഉണ്ടെന്നു എനിക്കു ധൈര്യമായി പറയാൻ കഴിയും. ഭാഷാപരമായി, കലകളെ അല്ലെങ്കിൽ ശാസ്ത്രങ്ങളെ ഭേദീകരിക്കണമെന്നു പറയുന്നതു ആശാസ്യമല്ല. സിദ്ധവൈദ്യത്തിനു രാജ്യവ്യാപകമായ തോതിൽ പ്രചാരം സിദ്ധിച്ചതിനുശേഷം ആയതിനു ഒരു പ്രത്യേക കൗൺസിൽ വേണമെന്നു മി. നാടാരെപ്പോലെയുള്ള സ്നേഹിതന്മാർ ആവശ്യപ്പെടുകയാണെങ്കിൽ അതു നടപ്പിൽ വരുത്തുന്നതിനു ആരും തടസ്സക്കാരായിരിക്കുകയില്ല. ഒരു പ്രത്യേക വ്യാധിയെ ചികിത്സിച്ചു ഭേദമാക്കിയെന്നുള്ള കാരണത്താൽമാത്രം ഒരു കൗൺസിൽ വേണമെന്നു പറയുന്നതു ശരിയല്ല. ഉദാഹരണമായി പറയുകയാണെങ്കിൽ എൻെറ ഒരു സ്നേഹിതൻെറ കുടുംബത്തിലെ ഒരംഗത്തിനു് പല്ലുവേദന

യുടെ ഉപദ്രവമുണ്ടായി. പലവിധ ചികിത്സയും ചെയ്തിട്ടു് ഭേദമാകാതിരിക്കെ ഒരു മാന്യൻ ഒരു പൊട്ടമരുന്നിൽ അതു ഭേദമാക്കി. ആ പ്രയോഗം ആയുർവ്വേദവുമല്ല, സിദ്ധവൈദ്യവുമല്ല. എന്നാൽ വൈദ്യം തന്നെയാണു്. അതുകൊണ്ടു് അതിനുവേണ്ടി ഒരു കൗൺസിൽ നിർമ്മിക്കണമെന്നു പറഞ്ഞാൽ അതു് എത്രത്തോളം ഉചിതമായിരിക്കുമെന്നു ചിന്തിച്ചുനോക്കേണ്ടതാണു്. ഇതുപോലെ ഹോമിയോപ്പതി സംബന്ധിച്ചും മുൻകാലങ്ങളിൽ പല വാദപ്രതിവാദങ്ങളും ഉണ്ടായിട്ടുണ്ടു്. എന്നാൽ പിൽക്കാലത്തു് രാജ്യവ്യാപകമായ തോതിൽ പ്രചാരം സിദ്ധിച്ചതിന്റെ ഫലമായിട്ടാണു അവയ്ക്കു് ഒരു കൗൺസിൽ ഏർപ്പെടുത്തുവാനുള്ള അനുകൂലാഭിപ്രായമുണ്ടായിട്ടുള്ളതു്. അതുപോലെ സിദ്ധവൈദ്യത്തിനും കൗൺസിൽ വേണമെന്നുള്ള അഭിപ്രായം നാട്ടുകാർക്കു് ഉണ്ടെങ്കിൽ താനേ തന്നെ അവയ്ക്കും ഉണ്ടായിക്കൊള്ളും. ഞാൻ ഇത്രയും പറഞ്ഞതുകൊണ്ടു് സിദ്ധവൈദ്യത്തിനു് പുരോഗമനമുണ്ടാകരുതെന്നോ, ആനുകൂല്യങ്ങൾ സിദ്ധിക്കരുതെന്നോ അഭിപ്രായമുള്ളതായി എന്റെ സ്നേഹിതൻ വിചാരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഒററമൂലിപ്രയോഗം കൊണ്ടു ചില രോഗങ്ങൾ ചിലർ ഭേദമാക്കുന്നുണ്ടു്. പക്ഷേ അതു സാർവ്വത്രികമാകുമെങ്കിൽ അവയ്ക്കു പിന്തുണ ലഭിക്കാതിരിക്കുകയില്ല. ഈ കാര്യത്തിൽ തെക്കൻതിരുവിതാംകൂർകാരെന്നോ, വടക്കൻ തിരുവിതാംകൂർകാരെന്നോ ഉള്ള കക്ഷിമനോഭാവമേ പാടില്ല. ഏതു സ്ഥലവാസിയായാലും പൊതുജനനന്മയ്ക്കു ഉതകുന്ന ഏതു പ്രസ്ഥാനത്തേയും പ്രോത്സാഹിപ്പിക്കേണ്ടതു് നമ്മുടെ എല്ലാവരുടേയും കടമയാണു്. തമിഴക്കു് സംസ്കൃതം മനസ്സിലാകുന്നില്ല എന്നു പറയുന്നതുതന്നെ ഈ കാലത്തു അഭിമാനമല്ലെന്നു എന്റെ സ്നേഹിതൻ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സംസ്കൃതപണ്ഡിതന്മാരായ അനവധി തമിഴർ നമ്മുടെ സംസ്ഥാനത്തും പുറമെയും ഉണ്ടെന്നുള്ള വിവരം എന്റെ സ്നേഹിതനു് അറിയാമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. സിദ്ധവൈദ്യത്തെപ്പററി മാത്രം ഇത്രത്തോളം നിർബന്ധബുദ്ധി എടുത്തു ഒരു കൗൺസിൽ വേണമെന്നു വാദിക്കാൻതക്ക ഒരു പരിതസ്ഥിതിയും ഞാൻ കാണുന്നില്ല. അതുകൊണ്ടു് എന്റെ സ്നേഹിതൻ ഈ നിർബന്ധബുദ്ധിയിൽനിന്നും പിൻവാങ്ങണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Shri K. Madhavan Unnithan : Sir, while opposing this amendment I am not belittling the importance of the Siddha system of medicines. I regret that questions of minority and majority and sectional interests have been brought in in the course of the discussion. Out of eleven Members who form the Council of Indigenous Medicines, there are two to represent the Siddhavaidya system. When questions affecting the Siddhavaidya system of treatment comes up these two men will be there to safeguard the interest of the system, and naturally, others are not likely to interfere. They will have practically the active voice in deciding questions affecting their particular interests. Moreover, these representatives can have a voice in the matter of regulating the registration of medical practitioners in other branches also. After all, in the matter of treatment every one is free to adopt

whatever system he feels to be more efficacious. There is no question of sections or minority in the matter of treatment of diseases. I hope that the mover will withdraw his amendment.

Shri E. P. Varghese : Sir, I oppose the motion for amendment. It is not because I am lacking in sympathy, or respect for the Siddha system of treatment or for those who adopt that practice. As a member of the Select Committee, I can inform the House that this question of having a separate Council was discussed in the Committee. If I remember right, then the Secretary to the Council pointed out a very very discouraging fact; that there were not enough number of physicians, not even half-a-dozen to be registered under the Medical Practitioners Act.

So much so, that question arises for consideration. There are several registered medical practitioners, who follow the allopathic system. In Ayurveda also, there are sufficient number of qualified registered practitioners. But in the Siddha system there are only a few practitioners who hold certificates.

ശ്രീ. ആർ. കേശവപിള്ള: ഹോമിയോപ്പതി ചികിത്സാസമ്പ്രദായം അലോപ്പതി ചികിത്സയെക്കാൾ വളരെ കുറവാണെന്നാണോ പറയുന്നതു്?

ശ്രീ. ഇ. പി. വർഗ്ഗീസ്: അങ്ങനെ കുറവുണ്ടായിട്ടില്ല.

It may be noted from the schedule attached that there was a school at Munchira which trained people under the Siddha system. It existed till 1947.

ശ്രീ. എ. കുഞ്ഞൻ നാടാർ: അതു് ഗവണ്മെൻറ് നിറുത്തൽ ചെയ്തതാണെന്നറിയാമോ?

Shri E. P. Varghese : Might have. The Medical Council reported that it is a bogus institution.

Shri P. S. Nataraja Pillai : May I know whether the hon. Member is of opinion that both Ayurveda and Siddha systems are not to be recognised ?

ശ്രീ. എ. താണുപിള്ള: ആൾ ഇൻഡ്യാ മെഡിക്കൽ കൌൺസിൽ അല്ലാതെ മറ്റേതെങ്കിലും സ്റ്റേറ്റുകളിൽ ഈ മെഡിക്കൽ കൌൺസിൽ ഉണ്ടോ?

Shri E. P. Varghese : Yes. In Madras, Bombay, Madhya Pradesh, etc. In Madras there is a school. But in our State there is no such institution. The school has been abolished and its certificates are not now counted as valid.

Shri P. S. Nataraja Pillai : Has the Madras course been included among our prescribed qualifications?

Shri E. P. Varghese : It is only a reciprocal arrangement.

ശ്രീ. എ. താണുപിള്ള: അലോപ്പതി മെഡിക്കൽ കൌൺസിൽ ഇൻഡ്യയിലല്ലാതെ വേറെ ഏതെങ്കിലും സ്റ്റേററുകളിൽ ഉണ്ടോ?

Shri E. P. Varghese : Yes. I have already answered that. It is not due to want of respect that I suggest these things. I have no sentiment in these matters. I look only to the reasonableness and to the practical side. I do not stand in the way of having separate Councils for separate systems. In modern systems there are a number of qualified persons. But we may find it very difficult to find as many qualified persons in this Siddha system of treatment. If we are going to have a Council of not properly qualified persons why should we have a Council at all. Should we allow unqualified persons to practise any system of medicine. Should we encourage quacks to meddle with human life. If so there is no necessity for this Act at present. Let us consider the question from the practical side. What I ask is whether there are sufficient number of qualified practitioners in this system. If not is it prudent on our part to allow a separate Council for them.

ശ്രീ. ആർ. കേശവപിള്ള: ഹോമിയപ്പതിക്കും മററു ചികിത്സകളോടൊപ്പം പ്രാധാന്യം നൽകിവരുന്ന സ്റ്റേററുകൾ ഇൻഡ്യയിൽ ഉണ്ടെന്നറിയാമോ?

ശ്രീ. ഇ. പി. വർഗ്ഗീസ്: ഉണ്ട്. കൽക്കട്ടായിൽ ഉണ്ട്. നമ്മുടെ ഗവണ്മെൻറും അതിന് അംഗീകാരം കൊടുക്കുന്നുണ്ട്.

During the discussion in the Select Committee I found that the Siddha system is not so very prevalent in the State. Therefore, it was said that there need not be a separate Council. I have no objection to amend this Section. The only difficulty will be in finding really qualified representatives. We must not decide such matters on sentimental grounds. I would request the House not to mix up this issue with others. Siddha system is followed in the South, in the Tamil Nad. The rights of the Tamil Nad are not going to be discarded, because the Siddha system is not being given a separate Council. No question of minority interest is involved in this. Such arguments are more sentimental than reasonable. When there are many duly qualified practitioners of Siddha system and when it is found that it is being adopted by a considerable section of the people we can even amend this Act so as to give the Siddha system a separate Council. But now it will not be proper. Even the two representatives in the present Council have been allowed on a special consideration.

Shri P. S. Nataraja Pillai : Has the Member come across the persistent complaint from Siddha Practitioners for the last few years that their applications were not considered by the previous Medical Council ?

Shri E. P. Varghese: As they do not possess necessary qualifications, they did not produce the necessary certificates. Certain certificates were found to be fraudulent. Government have no antipathy towards Siddha system. The school at Munchira is not worth the name. It is not found worthy to be recognised. I oppose the motion.

4 P. M.]

ശ്രീ. വി. മാധവൻ: ഈ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ തന്നെ ബഹുമാനപ്പെട്ട മെംബർമാർ സിദ്ധവൈദ്യത്തിനുംകൂടി പ്രത്യേകം ഒരു കൗൺസിൽ ഉണ്ടായിരുന്നാൽ കൊള്ളാമെന്നുള്ള അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. ഞാൻ അന്നു് അതിനു മറുപടി പറഞ്ഞ അവസരത്തിൽതന്നെ ഈ സിദ്ധവൈദ്യസമ്പ്രദായവും ആയുർവ്വേദസമ്പ്രദായവും തമ്മിൽ വിഭജിച്ചുനിൽക്കത്തക്ക അത്ര അകന്ന നിലയിലുള്ളതല്ല എന്നു പറയുകയുണ്ടായി. അതിനുംപുറമെ ഈ സഭയിലെ ഒരു പ്രമുഖാംഗമായ ശ്രീമാൻ നടരാജപിള്ള അവർകൾ സിദ്ധവൈദ്യവും ആയുർവ്വേദവും ഒന്നുതന്നെയെന്നു വാദിച്ചിട്ടുള്ളതായി നമ്മുടെ പ്രൊസീഡിംഗ്സ് നോക്കിയാൽ കാണാൻ സാധിക്കും. അതു് ഞാൻ എന്റെ ഓർമ്മവച്ചുകൊണ്ടു പറയുകയാണു്. മിക്കവാറും ആ ഓർമ്മ തെറ്റുവാനിടയില്ല എന്നാണു് എന്റെ വിശ്വാസം. പ്രൊസീഡിംഗ്സ് നോക്കിട്ടല്ല പറയുന്നതു്. അങ്ങിനെ ബഹുമാനപ്പെട്ട മെമ്പർ അന്നു് എന്റെ അഭിപ്രായത്തോടുകൂടി യോജിച്ചിട്ടുണ്ടു്. അതു് വിസ്മരിക്കുവാൻ തക്ക ഒരു കാര്യമല്ല. ആയുർവ്വേദവും സിദ്ധവും ഈ നാട്ടിലെ രണ്ടു വൈദ്യസമ്പ്രദായങ്ങളായി ഗണിക്കുവാൻ ഞാൻ തയ്യാറില്ല. അതു് രണ്ടും ഒന്നുതന്നെയാണെന്നാണു് എന്റെ വിശ്വാസം. ഒരു കൂട്ടർ തമിഴ്ഭാഷയിൽ എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ നോക്കി ചികിത്സനടത്തുന്നു എന്നുള്ളതിൽ കവിഞ്ഞു ആയുർവ്വേദവുമായിട്ടു് യാതൊരു വ്യത്യാസവുമില്ല. എന്റെ സ്നേഹിതൻ ശ്രീ. പൊന്നപ്പനാടാർ ഈ കമ്മിറ്റിയിൽ ഒരംഗമായിരുന്നു. അദ്ദേഹം ഞങ്ങളുടെ അഭിപ്രായത്തിൽനിന്നും വിഭിന്നമായിട്ടു ഒരു അഭിപ്രായം പുറപ്പെടുവിച്ചില്ല. ശ്രീ. പൊന്നപ്പനാടാർ അഗസ്ത്യമഹർഷിയെപ്പറ്റി പറഞ്ഞു. ഈ അഗസ്ത്യമഹർഷി എന്നു പറയുന്നതുതന്നെ തമിഴരുടെ ഒരു സ്വത്താണെന്നു എനിക്കു തോന്നുന്നില്ല. അനേകം മഹർഷിമാർ ഭാരതത്തിൽ ഉണ്ടായിരുന്നതിൽ ഒരു മഹർഷിയാണു് അഗസ്ത്യമഹർഷി. അദ്ദേഹം വൈദ്യസമ്പ്രദായത്തിനു പല ഔഷധങ്ങളും കണ്ടുപിടിച്ചിട്ടുണ്ടു്. അഗസ്ത്യരസായനംതന്നെ ആ ഔഷധങ്ങളിൽ ഒന്നാണു്. അതു് അദ്ദേഹം കണ്ടുപിടിച്ചിട്ടുള്ളതല്ലെന്നു് വരുമോ? അതുകൊണ്ടു് ആയുർവ്വേദത്തിന്റെ ഒരു ഭാഗം തന്നെയാണു് സിദ്ധവൈദ്യസമ്പ്രദായവും എന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഞാൻ വൈദ്യനല്ലെങ്കിലും പല വൈദ്യന്മാരുമായി ഇതിനെപ്പറ്റി സംസാരിച്ചിട്ടുണ്ടു്. ഈ രണ്ടുകൂട്ടരുടെ അഭിപ്രായവും എന്റെ അഭിപ്രായത്തിൽനിന്നു ഭിന്നമായിട്ടുള്ളതാണെന്നു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഈ രണ്ടുകൂട്ടരേയും ഒന്നുപോലെയാണു് എല്ലാവരും മനസ്സിലാക്കിയിട്ടുള്ളതു്. മിസ്റ്റർ നടരാജപിള്ള തന്നെ സമ്മതിക്കുന്ന ഒരു പരമാർത്ഥമാണതു്.

പിന്നെ ശ്രീ. കുഞ്ഞൻനാടാർ, ആയുർവ്വേദാശുപത്രി തുറക്കുവാൻ ചെന്ന അവസരത്തിൽ ആയുർവ്വേദവൈദ്യസമ്പ്രദായത്തോടു തെക്കൻതിരുവിതാംകൂറിലുള്ള ജനങ്ങൾക്കു് വിപ്രതിപത്തി ഉണ്ടായിരുന്നതു് എന്തുകൊണ്ടാണെന്നു് ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ ൫൦ പേരല്ല ആ ആശുപത്രി ഉൽഘാടനയോഗത്തിൽ ഉണ്ടായിരുന്നതു്. കുറെ അധികം ആളുകൾ ഉണ്ടായിരുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ: ഉദ്ദേശം എത്രപേർ ഉണ്ടായിരുന്നു?

Mr. Speaker: We are not concerned with the exact number.

ശ്രീ. വി. മാധവൻ: ആയുർവ്വേദാശുപത്രി തുറക്കുന്നതിനുവേണ്ടി കൂടിയ യോഗത്തിൽ ആ നാട്ടിലെ കുഞ്ഞൻനാടാരെപ്പോലെ പ്രധാനികളായിട്ടുള്ള ആളുകളും അവിടത്തെ മുനിസിപ്പൽ ചെയർമാനും വന്നിട്ടുണ്ടായിരുന്നു. ആ ആശുപത്രി ഉൽഘാടനം മംഗളമായി നടക്കുകയും ചെയ്തു എന്നാണു് എന്റെ വിശ്വാസം. ഏതായിരുന്നാലും ഈ രണ്ടു വൈദ്യസമ്പ്രദായങ്ങളും തമ്മിൽ അകന്ന ഒരു അഭിപ്രായം ഉളവാക്കുന്നതു തന്നെ ശരിയല്ല. നീററു്, വാററു് മുതലായ കാര്യങ്ങളാണു് പ്രത്യേകമായിട്ടു് ഈ സിദ്ധവൈദ്യത്തിനുള്ളതു്. ഇതൊന്നായിട്ടു കൊണ്ടുപോകുവാൻ വേണ്ട വാദത്തെപ്പററി ഞാൻ ശ്രീ. കുഞ്ഞൻനാടാരുമായി ഒരു ചർച്ച നടത്തിയതു് ശരിയാണു്. ആയുർവ്വേദകാളേജിൽ സിദ്ധസമ്പ്രദായം കൂടി പഠിപ്പിക്കുവാൻ സൌകര്യമുണ്ടാക്കിയാൽ എന്താണു് എന്നുള്ളതിനെക്കുറിച്ചാണു സംസാരിച്ചതു്. ആയുർവ്വേദകാളേജിൽ സിദ്ധവും കൂടി പഠിച്ചു വൈദ്യന്മാർ പുറത്തുവന്നാൽ കൊള്ളാമെന്നാണു്. എന്നെ സംബന്ധിച്ചിടത്തോളം ഇതു രണ്ടും ഒന്നാണു്. ഒന്നായിരിക്കുന്ന ഒരു കാര്യം രണ്ടായിട്ടു് തിരിച്ചു് രണ്ടിനും പ്രത്യേകം കൗൺസിൽ ഉണ്ടാക്കുന്നതു് നമ്മുടെ നാട്ടുവൈദ്യത്തിനുതന്നെ വളരെ ദോഷമായിട്ടുള്ള ഒരു കാര്യമാണു്. അതുകൊണ്ടു് ഇതു് രണ്ടിനും പ്രത്യേകം പ്രത്യേകം ഒരു കൗൺസിൽ ഉണ്ടാക്കേണ്ട ആവശ്യമില്ല. ഹോമിയോപ്പതിക്കു ആയുർവ്വേദവുമായിട്ടു് ബന്ധമില്ല. അതുകൊണ്ടു് ഗവണ്മെന്റിന്റെ നിലയിൽ ഈ ഭേദഗതിയെ അനുകൂലിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. ഈ ഭേദഗതി പിൻവലിക്കണമെന്നാണു് എനിക്കു അപേക്ഷിക്കുവാനുള്ളതു്.

Shri P. Ramaswami Pillai: In the light of the explanation offered by the Minister I do not press the amendment. I may be permitted to withdraw it.

Shri P. S. Nataraja Pillai: I object to the amendment being withdrawn.

The question was put, and the House allowed the member to withdraw the amendment.

The amendment was, by leave, withdrawn.

Shri C. Achyutha Menon: I move in clause 3 (2) (i) (d), between the words 'members' and 'elected' insert the words 'one from each Revenue District',

ഈ ഭേദഗതി സ്വീകരിക്കാൻ വിരോധമുണ്ടാകുകയില്ലെന്നാണ് എന്റെ വിശ്വാസം. (ഡി)യിൽ പറയുന്നതു് ഇങ്ങനെയാണ്.

"The Council of Modern Medicine shall consist of the following nine members:— (d) four members elected by the registered practitioners of modern medicine from among themselves."

മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്ന രജിസ്റ്റേർഡ് പ്രാക്ടീഷ്നേഴ്സിൽനിന്നു് തെരഞ്ഞെടുക്കുന്ന നാലു മെംബറന്മാർ ഈ കൗൺസിലിൽ അംഗങ്ങളായിരിക്കണം എന്നുണ്ട്. എന്റെ ഭേദഗതി ഈ മെംബറന്മാർ ഓരോ ഡിസ്ട്രിക്ററിൽനിന്നും ഓരോ ആളാം ആയാൽ കൊള്ളാമെന്നാണ്. അതു് എന്താണെന്നുവച്ചാൽ, ഹോമിയോപ്പതി കൗൺസിലിന്റെ കാര്യത്തിലും ആയുർവ്വേദ കൗൺസിലിന്റെ കാര്യത്തിലും രജിസ്റ്റേർഡ് പ്രാക്റ്റീഷ്നേഴ്സ് തെരഞ്ഞെടുക്കുന്ന മെംബർമാരെ ഓരോ ഡിസ്ട്രിക്ററിൽനിന്നും ഓരോ ആളെ തെരഞ്ഞെടുക്കണം എന്നാണ് പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് ഒരു ഐകരൂപ്യം വരുത്തുവാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് ഈ ബില്ലിന്റെ മൗലികമായ തത്വത്തിൽ യാതൊരു വ്യത്യാസവും വരുന്നതല്ല.

ശ്രീ. വി. മാധവൻ : ഈ ഭേദഗതി സ്വീകരിക്കുന്നതിനു് ഗവണ്മെന്റിനു് വിരോധമില്ല. ഭേദഗതി ഗവണ്മെൻറ്, സ്വീകരിച്ചിരിക്കുന്നു.

The amendment was adopted.

Shri P. Bhaskaran Nair : I move :

For clause 3 (2) (i) (e). substitute—'One member elected by the registered dentists of Travancore-Cochin from among themselves'.

മോഡേൺ മെഡിസിൻ കൗൺസിലിൽ ദന്തിസ്റ്റിനു് ആദ്യത്തെ ബില്ലിൽ ഒരു പ്രതിനിധിയുണ്ടായിരുന്നു. എന്നാൽ സിലക്റ്റുകമ്മററിറിപ്പോർട്ടുവന്നപ്പോൾ അതു് ഇല്ലാതായി. ഏതാണ്ടു് ൨൦൦-ഓളം ദന്തവൈദ്യന്മാർ ഈ രാജ്യത്തുണ്ടു്. അവരുടെ സേവനം വളരെ മെച്ചമേറിയതാണ്. അലോപ്പതി വൈദ്യന്മാരിൽനിന്നു് ദന്തവൈദ്യന്മാരുടെ സേവനം പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ദന്തവൈദ്യന്മാർക്കു കൗൺസിലിൽ ഒരു പ്രാതിനിധ്യം ഉണ്ടാക്കണമെന്നാണ് എനിക്കു അപേക്ഷിക്കുവാനുള്ളതു്.

ശ്രീ. എം. എം. അബ്ദുൾഖാദർ : ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

Mr. Speaker : This amendment by itself does not make the sense complete.

Shri P. Bhaskaran Nair : I may be allowed to move the next amendment also.

Mr. Speaker : Yes, you may do so.

Shri P. Bhaskaran Nair : I move :

Add as clause 3 (2) (i) (f)—'One member nominated by the Government'.

കൗൺസിലിൽ ആകെ ൯ അംഗങ്ങളാണു് ഇപ്പോഴും ഉള്ളതു്. ഈ ഒൻപതു അംഗങ്ങളിൽ ഒരു സ്ഥാനം ദന്തിസ്റ്റിന് കൊടുക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. വി. മാധവൻ : ഞാൻ ഈ ഭേദഗതികളെ എതിർക്കുന്നു. ദന്തവൈദ്യന്മാർക്കു് ഈ കൗൺസിലിൽ പ്രത്യേകം ഒരു പ്രാതിനിധ്യം കൊടുക്കേണ്ട ആവശ്യം ഇല്ല. ൧൯൪൮-ലെ സെൻട്രൽ ആക്റ്റ് ഇവിടെയുള്ള ദന്തവൈദ്യന്മാരെയും ബാധിക്കത്തക്കവിധത്തിലാണു ഇരിക്കുന്നതു്, അതുകൊണ്ടു് ഈ ഭേദഗതിയുടെ ആവശ്യം ഇല്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ : സെൻട്രൽ ആക്റ്റ് ഈ സ്റ്റേറ്റിലേക്കു് ബാധകമാക്കിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : ഇപ്പോഴുംതന്നെ അതു് ഇവിടെ ബാധകമാക്കാവുന്ന ഒരു കാര്യമാണു്.

ശ്രീ. പി. ഭാസ്കരൻനായർ : ദന്തവൈദ്യന്മാർക്കു് ഇതിൽ പ്രാതിനിധ്യമില്ലല്ലോ?

ശ്രീ. വി. മാധവൻ : അവർക്കു് വേറെ ഒരു നിയമം ഉള്ളതുകൊണ്ടു് ഇതിൽ അവർക്കു് പ്രാതിനിധ്യം കൊടുക്കേണ്ട ആവശ്യം ഇല്ല.

Mr. Speaker : Apart from these observations, have you anything to ask?

Shri M. M. Abdul Khader : I am asking the Minister these questions to make sure if these provisions apply to this State.

ശ്രീ. വി. മാധവൻ : ൧൯൪൮-ലെ ഒരു സെൻട്രൽ ആക്റ്റിൽ ദന്തിസ്റ്റുകളുടെ കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടു്.

Mr. Speaker : Does the hon. Member press the amendments? There is already a Central Act.

The amendments were, by leave, withdrawn.

Shri K. M. Chandy: I move:

In clause 3, sub-clause (3) (a), after the words 'by the registered practitioners of homeopathic medicine of that District', add the following words: 'from among themselves'.

സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു. അതായതു്, ഹോമിയോപ്പതി മെഡിസിൻ കൗൺസിലിലേക്കു പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതു് അവരിൽനിന്നും തന്നെ വേണമെന്നുള്ളതാണു് എന്റെ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. വി. മാധവൻ : ഈ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

The amendment was adopted,

Shri O. C. Ninan: I move:

> In clause 3, sub-clause (3) add the following: "(c) the Surgeon General ex-officio member."

സർ, ഈ ഭേദഗതിയുടെ ഉദ്ദേശം ഇപ്പോഴും അലോപ്പതി കൗൺസിലിനും, ആയുർവേദ കൗൺസിലിനും ഗവണ്മെൻറിനു ഏറെക്കുറെ നിയന്ത്രണാധികാരം ഉണ്ടു്. ശരിയായ പരീക്ഷായോഗ്യത ഇല്ലാത്ത ആളുകൾ ചികിത്സ നടത്താതിരിക്കാനും ശരിയായ യോഗ്യതയുള്ള ആളുകളെക്കൊണ്ടു ചികിത്സ നടത്തി ചികിത്സാസമ്പ്രദായങ്ങളെ പുഷ്ടിപ്പെടുത്താനുമാണല്ലോ ഈ ആക്റ്റുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഹോമിയോപ്പതി കൗൺസിലിലേക്കു അവരിൽനിന്നും തന്നെ ആണ് മെമ്പറന്മാരെ നിയമിക്കേണ്ടതു്. ഇവിടെ പറഞ്ഞിരിക്കുന്നതു്—

"(3) The Council of Homeopathic Medicine shall consist of the following five members:—

(*a*) four members, one from each Revenue District, elected by the registered practitioners of homeopathic medicine of that District; and

(*b*) one member nominated by the Government."

എന്നാൽ അലോപ്പതിയെ സംബന്ധിച്ചു ആവശ്യപ്പെട്ട കാര്യങ്ങൾക്കു ഗവണ്മെൻറിനെ പ്രതിനിധീകരിക്കാൻ സർജൻ ജനറലുണ്ടു്; മെഡിക്കൽ കാളേജിൽനിന്നു് ഒരു ടീച്ചറുണ്ടു്, ഇപ്രകാരം ഉത്തരവാദപ്പെട്ട ഗവണ്മെൻറ ഉദ്യോഗസ്ഥന്മാർ ഈ കൗൺസിലിൽ വരുന്നുണ്ടു്. ആയുർവ്വേദത്തിനെ സംബന്ധിച്ചു കൗൺസിൽ മെമ്പറന്മാരായി നിർദ്ദേശിച്ചിരിക്കുന്നതു്,

"(*a*) one member elected by the Faculty of Ayurveda, University of Travancore, from among themselves;

(*b*) one member elected from among themselves by the teachers of

(i) the Ayurveda College, Trivandrum;

(ii) the Ayurveda Bhooshana Section of the Sanskrit College, Trippunithura; and

(iii) the Madhava Ayurveda College, Ernakulam."

എന്നാണു്. ഇവരിൽ മിക്കവരും ഗവണ്മെൻറ സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാരും ഗവണ്മെൻറിൻെറ പിടിയിലുള്ളവരുമാണു്.

ഹോമിയോപ്പതി ചികിത്സാസമ്പ്രദായം തൃപ്തികരമായ വിധത്തിൽ നടത്തുന്നതിലേക്കു് അലോപ്പതി വൈദ്യസമ്പ്രദായത്തിൻെറ ചുമതല വഹിക്കുന്ന സർജൻ ജനറലിനെക്കൂടി ഹോമിയോപ്പതി മെഡിക്കൽ കൗൺസിലിൻെറ എക്സ് ഒഫീഷ്യോ മെമ്പറായി നിയമിക്കണമെന്നാണു് എൻെറ ഉപക്ഷേപത്തിൻെറ ഉദ്ദേശം.

ശ്രീ. ഇ. പി. വര്‍ഗ്ഗീസ്: സര്‍ജന്‍ ജനറലിന് ഹോമിയോപ്പതി ചികിത്സാസമ്പ്രദായം അറിയാമോ?

ശ്രീ. ഒ. സി. നൈനാന്‍: ഗവണ്മെന്റിന്റെ നിയന്ത്രണത്തില്‍ ഒരു കൗണ്‍സില്‍ ഏറക്കുറെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാര്‍കൂടി ഉള്‍പ്പെട്ടതായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ആയുര്‍വ്വേദത്തെ സംബന്ധിച്ചും, അലോപ്പതിയെ സംബന്ധിച്ചും ഉള്ള കൗണ്‍സിലുകളില്‍ ഉള്ളതുപോലെ ഹോമിയോപ്പതി കൗണ്‍സിലിലും ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്.

Shri E. P. Varghese: May I know whether it is the hon. Member's opinion that if a Council does not contain a Government officer, then Government will not know anything that happens in the Council?

ശ്രീ. ഒ. സി. നൈനാന്‍: ഗവണ്മെന്റിനറിയാം. ഗവണ്മെന്റിനെ അറിയിക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാര്‍കൂടി ഉണ്ടായിരിക്കണം.

Shri E. P. Varghese: When there is a statutory council, is the presence of a Government member better than that of others? There is a provision in the Bill for giving necessary information to the Government.

ശ്രീ. ഒ. സി. നൈനാന്‍: ചില സംഗതികള്‍ കൂടുതല്‍ തൃപ്തികരമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

Shri E. P. Varghese: Will it be consistent with the whole tenor of the Act and with the provisions in Clause 5?

Shri O. C. Ninan: It will be.

Shri E. P. Varghese: What I point out is—

Shri O. C. Ninan: It is only a difference of opinion.

Shri E. P. Varghese: It is something like mixing up all sorts of things. There is a Council of Modern medicinces consisting of the practitioners in that system, and there is another council of Indigenous systems of medicines consisting of the practitioners of those systems of medicine. And there is another Council for Homeopathy. It is very clear that we do not want members of the Modern systems to go into the Council for the Indigenous systems. These Councils are a sort of autonomous bodies. Moreover, Section 5 says that every member of a Council shall be a registered practitioner and the holder of a recognised qualification. Registered practitioner has been defined also. Therefore, that also would make my friend's position inconsistent. I also see that he has not suggested any amendment to Section 5, perhaps due to oversight. When clause 5 is left

unobjected, he cannot press this amendment because the provisions will then be inconsistent with each other.

Then again, the whole scheme is for giving autonomy to the Councils.

The other arguments of my friend have not much weight, *i. e.*, that if the Government have no member in the council, it will not be possible for Government to be kept informed of what happens in the councils. If the Homeopathic system had any recognised Government college in our State then we could have had a representative from such an institution. As it is, we have to keep this Council confined to homeopathists alone.

Shri V. Madhavan: I oppose the amendment.

സർജൻ ജനറലിന്റെ ആവശ്യം ഹോമിയോപ്പതി കൗൺസിലിൽ ഇല്ല. ഹോമിയോപ്പതിക്കാരും, അലോപ്പതിക്കാരും ശത്രുതാമനോഭാവത്തോടുകൂടിയാണ് ഇരിക്കുന്നത്. ഈ രണ്ടു സിസ്റ്റവും വ്യത്യസ്തമായിട്ടുള്ളതുമാണ്. സർജൻ ജനറലിനെ ഹോമിയോപ്പതി കൗൺസിലിൽ ഉൾപ്പെടുത്തുന്നത് ആവശ്യമില്ലാത്ത ഒരു കാര്യമാണ്. ഹോമിയോപ്പതി കൗൺസിലിലുള്ളവരെക്കൊണ്ടു കാര്യങ്ങൾ ശരിയായി നടക്കുന്നില്ലെന്നു കാണുന്നപക്ഷം പിന്നെ പോംവഴി ആലോചിക്കാം. അതിനാൽ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was, by leave, withdrawn.

The question that Clause 3, as amended, stand part of the Bill was put and carried.

The clause, as amended, was added to the Bill.

Clause 4.

The question that Clause 4 stand part of the Bill, was put and carried.

The clause was added to the Bill.

Clause 5.

Shri K. M. Chandy: I move:

> In clause 5, after the words 'the holder of a recognised qualification,' add the following proviso:
>
> 'Provided that this clause shall not apply to persons elected under clause 3 (3) (a)'.

ക്ലാസ്സ് ൩ (൩) (എ) ഹോമിയോപ്പതി ഡാക്ടറന്മാരെ ഉദ്ദേശിച്ചുള്ളതാണ്. കൗൺസിലിലേക്ക് തെരഞ്ഞെടുക്കുന്നതിന് രജിസ്റ്റേർഡ്

പ്രാക്ടീഷണേഴ്സ് എന്നുള്ളതിനപുറമെ ഒരു റെക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻകൂടി വേണമെന്നു പറയുന്നു. ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്;

> "All qualifications which may be recognised by the Government or the Government of any State in India or the Medical Council of India."

ഹോമിയോപ്പതി ഡാക്ടറന്മാരിൽ റെക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഉള്ളവരായി ആളുണ്ടെന്നു് അറിവില്ല. ആ നിലയ്ക്കു് റെക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷനു ഉള്ളവരെമാത്രമേ കൗൺസിലിലേക്കു തിരഞ്ഞെടുക്കുകയുള്ളു എന്നു വയ്ക്കുന്നതു് വിഷമമാണു്. രജിസ്റ്റേർഡ് പ്രാക്ടീഷണേഴ്സ് മതിയാകും. അങ്ങനെയാണെങ്കിലേ ഹോമിയോപ്പതിക്കാരിൽനിന്നും കൗൺസിലിലേക്കു് ആളെ തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി നിർദ്ദേശിക്കുന്നതു്.

Shri E. P. Varghese: Under Schedule B the qualifications are prescribed. Section 47 gives Government power to recognise any institution or certificate. The Council is the appropriate body to recommend as to the qualifications which shall be recognised. Power is given to Government to recognise any institution as competent to grant certificates and it shall be recognised on the recommendation of the Council. As at present there may not be many Homeopathy Practitioners who may not be able to register. Other states have recognised certain medical institutions and the certificates of those institutions have been recognised by our State also. For example, the West Bengal.

Shri K. M. Chandy: But those institutions which have been recognised by the Madhya Pradesh or Bengal are in no way better than our institutions. It is better that we insist upon qualification for being registered as a medical practitioner. That would be better.

Shri E. P. Varghese: Registered Practitioner in the case of homeopathy alone the hon. Member wants an exception for. For the others we have insisted on registered practitioner as well as holder of a recognised qualification that in Homeopathy it may not be easy to find persons holding recognised qualifications. I do not think, is a well founded fear, because there are a number of persons practising in our state, M. D. (Homeo) M. B. (Homeo) etc. Some of the schools here have also been recognised by other States now.

Shri K. M. Chandy: Most of them are bogus institutions.

Shri E. P. Varghese: Most of those practitioners who are practising here are persons who hold such degrees. But the Governments of those States have recognised those institutions. Reciprocity requires that we should also recognise them. So far as we have no particular school or homeopathic college to fix the standard or qualification, we have to fall back upon others. Does the hon. Member mean to contend that may the Registration or Homeopathists or the formation of their Council be kept in abeyance. So we have to make use of the existing things. The Committee thought that they should not fix the name of the institutions, though there are various institutions in our State giving training, degrees and diplomas in homeopathy, as they are laymen and hence it will not be proper to lay down that such and such institutions should be recognised in the case of a professional matter. On the other hand, it has been left it to the Council to go into the question and recognise those institutions. So, I do not think there is much difficulty.

Mr. Speaker: Mr. Chandy, do you press the amendment?

Shri K. M. Chandy: Yes.

Mr. Speaker: We will now adjourn and you can continue the discussion tomorrow. The House stands adjourned till 11 o' clock tomorrow.

The Assembly adjourned at 4. 35 P.M. to meet again at 11 A. M. on Friday the 27th February 1953.